# ബൈബിൾ സ്റ്റാൻഡാർഡ്

**BIBLE STANDARD (Malayalam)**
**BI-MONTHLY**

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 939**

ഉൾപ്പേജുകളിൽ.... പേജ്

ശക്തിയിലും സമാധാനത്തിലും
അനുഗ്രഹിക്കപ്പെടുന്നത്................................ 2

അനന്യാസും സഫീറയും.................................12

ഉചിതവും അനുചിതവുമായി ഉള്ള
വിധിക്കൽ ....................................................16

ബൈബിൾ സംഭാഷണങ്ങൾ .........................21

VOL - XVI, ISSUE 6 NOVEMBER - DECEMBER 2023

# ശക്തിയിലും സമാധാനത്തിലും അനുഗ്രഹിക്കപ്പെടുന്നത്
## BLESSED WITH STRENGTH AND PEACE

**"യഹോവ തന്റെ ജനത്തിനു ശക്തി നൽകും; യഹോവ തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും" – സങ്കീ. 29:11**

**ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങളും നിറവേറ്റപ്പെടും**

"അത്രയുമല്ല ശമുവേൽ ആദിയായി സംസാരിച്ച പ്രവാചകന്മാരൊക്കെയും ഈ കാലത്തെക്കുറിച്ചു പ്രസ്താവിച്ചു. 'ഭൂമിയിലെ സകല വംശങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും' എന്നു ദൈവം അബ്രഹാമിനോട് അരുളി നിങ്ങളുടെ പിതാക്കന്മാരോടു ചെയ്ത നിയമത്തിന്റെയും പ്രവാചകന്മാരുടെയും മക്കൾ നിങ്ങൾ തന്നെ"
(അപ്പൊ. 3:24,25 NKJ)

"ഇതാ, ഞാൻ ഇന്നു സകല ഭൂവാസികളുടെയും വഴിയായി പോകുന്നു; നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെക്കുറിച്ച് അരുളിച്ചെയ്തിട്ടുള്ള സകല നന്മകളിലും വെച്ച് ഒന്നിനും വീഴ്ച വന്നിട്ടില്ലെന്ന് നിങ്ങൾക്ക് പൂർണഹൃദയത്തിലും പൂർണമനസ്സിലും ബോധ്യമായിരിക്കുന്നു; സകലവും നിങ്ങൾക്കു സംഭവിച്ചു; ഒന്നിനും വീഴ്ച വന്നിട്ടില്ല."
(യോശുവ. 23:14 NIV)

ദൈവജനം കർത്താവിന്റെ വകയായതിനാൽ കർത്താവ് തന്റെ ജനത്തിനു പ്രത്യേക രീതിയിൽ ശാരീരിക ശക്തി നൽകും എന്നാണ് ഈ വചനം അർത്ഥമാക്കുന്നത് എന്ന് നാം കരുതരുത്; അങ്ങനെ ആയിരുന്നെങ്കിൽ അവരാകുമായിരുന്നു ലോകത്തിലെ ഏറ്റവും ശക്തന്മാർ. എന്നാൽ ഇവിടെ പറയുന്ന ആശയം അതല്ല എന്നു നമുക്കറിയാം. ഇവിടെ പറയുന്ന ശക്തി ഏതു ശാരീരിക ബലഹീനതയെയും നികത്തുന്നതിന് അധികമായ മനസ്സിന്റെ ശക്തിയെ, മാനസികവും സാന്മാർഗ്ഗികവുമായ ധൈര്യത്തെ ആണ് കർത്താവ് നൽകി തരുന്നത്. കർത്താവിന്റെ മക്കളിൽ ചിലർക്ക് ശരീരശക്തി തീരെ കുറവാണ്; എന്നാൽ ശാരീരികമായി ബലവാന്മാരായവരേക്കാൾ എത്രയോ അധികമായ ധൈര്യമാണ്, മാനസിക ശക്തിയാണ് അവർക്കുള്ളത്.

അപ്പൊസ്തലനായ പൗലൊസ് ആഹ്ലാദത്തോടെ വിളിച്ചുപറയുന്നു, "ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു" (2 കൊരി. 12:10). കർത്താവിലുള്ള ശരിയായ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പരിശീലനം മറ്റേത് സാഹചര്യങ്ങളേയും അവസ്ഥകളെയുംകാൾ അധികം നമ്മെ ശക്തരാക്കുന്നു. കർത്താവ് തന്റെ ജനം എന്തു പ്രവർത്തിക്കണം എന്ന് ആഗ്രഹിക്കുന്നുവോ അത് നിറവേറ്റുവാൻ പ്രത്യേകമായ ശാരീരിക ശക്തി നൽകുമെന്നതിൽ നമുക്കു ഉറപ്പുപറയാം. അങ്ങനെ അല്ലായിരുന്നുവെങ്കിൽ ആ വേല പൂർത്തിയാക്കുവാൻ അവർക്ക് കഴിയുകയില്ലായിരുന്നു. ഇത് നാം വ്യക്തമായി കണ്ടറിഞ്ഞതാണ്. ദൈവത്തിനു വേണ്ടി ഒരു പ്രത്യേക വേല നിർവ്വഹിക്കേണ്ട സമയത്ത് ബലഹീനരായ ക്രിസ്ത്യാനികൾക്ക് ചില സമയങ്ങളിൽ പ്രത്യേക ശക്തി നൽകിത്തരുന്നത് നാം കണ്ടിട്ടുണ്ട്. അവരുടെ വിശ്വസ്തതയും ആത്മവിശ്വാസവും ഗ്രഹിച്ചിട്ട് അവരിലും ശാരീരിക ശക്തിയുള്ളവർക്ക് പോലും വഹിക്കുവാൻ കഴിയാത്തതിനെ വഹിക്കുവാൻ അവർക്ക് പ്രത്യേക ശക്തി നല്കുന്നതിൽ കർത്താവ് സന്തുഷ്ടനാണ്. "യഹോവ തന്റെ ജനത്തിനു ശക്തി നൽകും; യഹോവ തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും" (സങ്കീ. 29:11). ബാഹ്യമായ കാഴ്ചപ്പാടിൽ ഇതു ശരിയല്ല. നമ്മുടെ ഗുരുവിന്റെ കാര്യത്തിലും അവന്റെ പ്രത്യേക കൂട്ടുവേലക്കാരായ അപ്പൊസ്തലന്മാരുടെ കാര്യത്തിലും ഇത് ശരിയായിരുന്നില്ല. സുവിശേഷയുഗത്തിലെ കർത്താവിന്റെ മറ്റെല്ലാ അനുയായികളെയും പോലെ ഇവരും പ്രാതികൂല്യം നേരിടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. നമ്മുടെ ജീവിതം അസുഖകരവും ദുഃഖകരവും ആക്കുവാൻ പ്രതിയോഗി തന്റെ ശക്തിയാൽ സകലതും ചെയ്യുന്നു. നാം അകമേയും പുറമേയും യുദ്ധം ചെയ്യുന്നതിൽ തൃപ്തരായിരിക്കണം. അകമെ ശാന്തതയില്ലെങ്കിൽ പുറമെയും സമാധാനമില്ല.

നാം നമ്മുടെ ജഡത്തോട് യുദ്ധം ചെയ്യണം. കാരണം നമ്മുടെ വിജയത്തിന്റെ പ്രധാന ഭാഗം നാം കൈവരിക്കേണ്ടത് അതിൽ നിന്നാണ്. നാം നല്ല പോർ പൊരുതേണ്ടതാണ്, കീഴടക്കുവാനുള്ള പോരാട്ടം തന്നെ. ലോകത്തിനും നമ്മുടെ വീഴ്ച ഭവിച്ച പ്രകൃതിക്കും പ്രതിയോഗിക്കും നമ്മുടെ മനസ്സിലേ

ക്കും ഹൃദയത്തിലേക്കും അവൻ കടത്തിവിട്ടു നല്കുന്ന എല്ലാ കാര്യത്തിനും എതിരെയുള്ള പോരിൽ നാം നമ്മുടെ സകല പരിശ്രമവും ഉപയോഗിക്കേണ്ടതാണ്. അവയിൽ നിന്ന് ഏറ്റവും നല്ലത് നമുക്ക് ലഭിക്കേണ്ടതുണ്ട്. ഇത്തരം പ്രതികൂല സ്വാധീനങ്ങളും പ്രയാസങ്ങളും നേരിടുവാൻ കർത്താവ് തന്റെ ജനത്തെ അനുഗ്രഹിക്കുകയും ഈ പ്രാതികൂല്യങ്ങളുടെ നടുവിലും ഹൃദയത്തിൽ സമാധാനം നൽകിത്തരികയും ചെയ്യുന്നു.

നാം നമ്മുടെ ജഡത്തോട് സമാധാനത്തിലായിരിക്കേണ്ടവരല്ല; പിന്നെയൊ എല്ലായ്പ്പോഴും ജഡത്തോടു പോരാടേണ്ടവരാണ്. എന്നാൽ കർത്താവിൽ നമുക്കൊരു സമാധാനമുണ്ട്. അതു വിശ്വാസത്തിൽ നിന്നും തന്റെ വാഗ്ദത്തങ്ങളിലുള്ള ഉറപ്പിൽ നിന്നും ജനിക്കുന്നതാണ്. ആവശ്യമുള്ള എല്ലാ സമയത്തും മതിയായ കൃപ നല്കിത്തരാമെന്ന് കർത്താവ് വാഗ്ദത്തം ചെയ്തിട്ടുണ്ട്. നമ്മുടെ ഉടമ്പടിയോട് നാം വിശ്വസ്തരായിരുന്നാൽ ഏത് പരീക്ഷയെയും പ്രതിസന്ധിയെയും നാം തരണം ചെയ്തു വിജയിക്കും എന്നു കർത്താവു വാഗ്ദത്തം ചെയ്തിട്ടുണ്ട്. തന്റെ ശക്തിയിൽ വിശ്വാസമർപ്പിച്ചാൽ വിജയം നമ്മുടേതായിരിക്കുമെന്ന് താൻ നമുക്ക് ഉറപ്പുനല്കിയിട്ടുണ്ട്. ഈ വാഗ്ദത്തം നമുക്ക് ശാന്തിയും സമാധാനവും ആത്മവിശ്വാസവും നല്കുന്നു.

**കർത്താവ് തന്റെ ഏക സത്യസഭയെ രത്നങ്ങളായി ചിത്രീകരിച്ചിരിക്കുന്നു.** "ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു നിക്ഷേപം ആയിരിക്കും." മലാഖി 8:17

കർത്താവ് തന്റെ സ്വന്തമായവർക്കല്ലാതെ ആർക്കും നൽകിയിട്ടില്ലാത്ത വാഗ്ദത്തങ്ങൾ നമുക്കുള്ളതിനാൽ നാം അവയിൽ നമ്മുടെ ആശ്രയം വെക്കുന്നു. തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുവാനുള്ള അവിടുത്തെ ശക്തിയിലും പ്രാപ്തിയിലും നാം ആശ്രയം വെക്കുന്നു. നമ്മെ വിളിച്ചിരിക്കുന്നവൻ തന്റെ വാക്ക് പാലിക്കുന്നവനും അവ ഉറപ്പായി നിറവേറ്റുന്നവനുമാണെന്ന് നമുക്കറിയാം (യോശു. 23:14). ഈ സമാധാനവും ആശ്രയവും പരിശുദ്ധാത്മാവിൽ നിന്നും ഉള്ള പ്രത്യേക അനുഗ്രഹമാണ്. നാം പരിശുദ്ധാത്മാവ് പ്രാപിക്കുന്നതിനോടൊപ്പം അതിന് ആനുപാതികമായി പരിശുദ്ധമായ മനസ്സും ദൈവത്തിന്റെ പരിശുദ്ധമായ സ്വഭാവവും കൈവരിക്കുമ്പോഴാണ് തന്റെ വാഗ്ദത്തങ്ങൾ നമ്മിൽ നിറവേറ്റപ്പെടുന്നത്. ഇത് ഒരു ലളിതമായ അനുപാതക്രമമാണ്. നാം കർത്താവിന്റെ കൃപയിലും ജ്ഞാനത്തിലും അവിടുത്തെ വചനത്തിന്റെ അറിവിലും വളരുന്നതനുസരിച്ച് നമുക്ക് അധികമായ ആശ്രയവും ശക്തിയും ഉണ്ടാകും. അങ്ങനെ നാം നിരന്തരം ക്രിസ്തുവിൽ വളർന്നുവരികയും, അവിടുത്തെ സ്നേഹത്തിൽ എപ്പോഴും നിലനിൽക്കുകയും ചെയ്യും.

### സത്യം ശക്തമായ സ്വഭാവഗുണമുള്ളവരെ ആകർഷിക്കുന്നു

നമ്മുടെ സ്വഭാവം സൗന്ദര്യമുള്ളതും ശക്തിയുള്ളതും ആകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. പ്രകൃതിയിൽ കാഴ്ചയ്ക്ക് ഭംഗിയുള്ളതും എന്നാൽ ദൃഢതയോ സ്ഥിരതയോ ഇല്ലാതിരിക്കുകയും ചെയ്യുന്ന വസ്തുക്കൾ ഉണ്ട്. ഭംഗിയും ദൃഢതയുമുള്ള അമൂല്യമായ കല്ലാണ് മാണിക്യം. കൂടാതെ മാണിക്യത്തിന്റെ നിറമുള്ള ജെലാറ്റിനും ഇപ്പോഴുണ്ട്. അവ ബാഹ്യമായി മാണിക്യത്തിന്റെ രൂപത്തിൽ ഇരിക്കുന്നു എങ്കിലും അവയ്ക്ക് ഉറപ്പോ ദൃഢതയോ ഇല്ല. ഓ, ഇങ്ങനെയുള്ള ചില വ്യക്തികളും ഉണ്ട്. ഒരുമയിൽ ഒന്നായി പോകുവാൻ പ്രയാസമുള്ളവരായ സഹോദരങ്ങൾക്ക് ഈ പ്രയാസമുള്ളത് അവരുടെ സഹജമായ മൂല്യം അഥവ സ്വഭാവം ഇത്തരത്തിലുള്ളത് ആയതിനാലാണ്. പുട്ടി പോലുള്ള സ്വഭാവം ഉള്ളവരും ഉണ്ട്. നൈമിഷികമായി നമുക്ക് മാറ്റിയെടുക്കാമെങ്കിലും പൂർവ്വാവസ്ഥയിലേക്ക് തന്നെ തിരികെ പോകുന്ന റബർപന്ത് പോലുള്ള വ്യക്തികളും ഉണ്ട്. എന്നിരുന്നാലും ചിലർ വജ്രങ്ങൾ പോലുള്ളവരാണ്. വജ്രത്തിന്റെ സവിശേഷതകൾ പങ്കുവയ്ക്കുന്ന ഈ ഗണം ശക്തരായി അനുഗ്രഹിക്കപ്പെട്ടവരും സ്വഭാവത്തിന്റെ സത്തയിൽ ദൃഢത കൈവരിച്ചവരും ആണ്. ഒരു കലത്തിൽ കുറച്ച് പുട്ടിയുടെ പന്തും കുറച്ച് റബ്ബർ പന്തുകളും കുറച്ച് വജ്രക്കല്ലുകളും ഇട്ട് നന്നായി കുലുക്കിയാൽ വജ്രം അതിനോടടുത്തു വരുന്ന സകലത്തെയും കേടുവരുത്തും. കാരണം വജ്രം വളരെ ഉറപ്പുള്ളതാണ്. കർത്താവ് ഇപ്പോൾ റബ്ബർ പന്ത് പോലുള്ളതോ പുട്ടി പോലുള്ളതോ ആയ ഗണത്തെയല്ല അന്വേഷിക്കുന്നത്. തക്കസമയത്ത് കർത്താവ് സകല ഗണങ്ങളോടും – പുട്ടി പോലുള്ളതും റബ്ബർപന്തു പോലുള്ളതുമായ വ്യക്തികളുമായി ഇടപെടും. എന്നാൽ സത്യം ഇപ്പോൾ വജ്രഗണത്തിനു മാത്രമെ ആകർഷകമായി തോന്നുകയുള്ളു.

തമ്മിൽ ഇടറുവാനും, തമ്മിൽ മുറിവേൽപിക്കുവാനും സാധ്യത ഉണ്ടെന്ന് അറിയുമ്പോൾ ആ അറിവ്

നമുക്ക് ജ്ഞാനം നൽകുന്നു. ഈ സഹോദരങ്ങൾക്ക് യഥാർത്ഥമായ ഒരു സ്വഭാവം ഉണ്ടെന്നും അവർ പുട്ടി പോലുള്ളവരല്ലെന്നുമുള്ള വസ്തുത നാം തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യണം. അവരുടെ വ്യത്യസ്തതകളും അവരുടെ സ്വഭാവത്തെ വേർതിരിച്ചു കാണിക്കുന്നതാണ്. നാം ഈ വസ്തുതയെ വിലമതിക്കുകയും അവരെ പ്രകോപിപ്പിക്കാതെ അവരുടെ സ്വഭാവത്തെ മെരുക്കിയെടുക്കയും വേണം. നാം അവരെ ഉപദേശിക്കുകയും കൂടാതെ അവർ നമ്മെപോലെ കർത്താവിനെ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരാണെന്ന് മനസിലാക്കുകയും ചെയ്യണം. അതുകൊണ്ട് നാം പരസ്പരം ദീർഘക്ഷമ ഉള്ളവരായിരിക്കണം.

"ശക്തന്മാരാണ് ബലഹീനന്മാരല്ല സത്യം ചെവിക്കൊള്ളുകയും പിടിച്ചുകൊള്ളുകയും ചെയ്യുന്നത്. ആദ്യം പറഞ്ഞ കൂട്ടർ കർത്താവിനെ കൈക്കൊള്ളുന്നതിൽ ആടിയുലയുന്നവരെക്കാൾ വഴക്കവും ഉത്സാഹവും ഉള്ളവരും അങ്ങനെ ശരീരമനസുകൾവഴിയും തങ്ങളെത്തന്നെ കർത്താവിനു യോഗ്യരായി വിധേയത്വമുള്ളവരാക്കിത്തീർക്കുന്നു. ഈ വലിയ ഗുണവിശേഷമാണ് നമ്മെ കർത്താവിനു സ്വീകാരയോഗ്യരാക്കിത്തീർക്കുന്നത്. അങ്ങനെ ഒരു സമർപ്പിതഗണമെന്ന നിലയിൽ ഇത് നമ്മെ കർത്താവിന്റെ മുമ്പാകെ ഒന്നിച്ചു കൂടിവരുത്തുവാൻ ഇടയാക്കുന്നു.

സർവ്വപ്രധാനമായി നമ്മുടെ മനസ്സിൽ നാം കരുതിക്കൊള്ളേണ്ട ഒരു കാര്യം എന്തെന്നാൽ: വജ്രമായാലും ചെളിയിൽ പുതഞ്ഞുകിടക്കുന്ന ഒന്ന്, ഒന്നിനെയും മുറിക്കുകയൊ ഒന്നിനും പോറൽ പോലും ഏല്പിക്കയൊ ചെയ്യുകയില്ല. എന്നാൽ ഒരു ഡസൻ വജ്രങ്ങൾ ചേർത്തുവെച്ച് എത്ര കൂടുതലായി അതിന്റെ ചെളി നീക്കുന്നുവോ അത്രമേൽ അത് കടുപ്പവും മിനുസവും മൂർച്ചയുള്ളതുമായി ആഗ്രഹിക്കുന്ന പ്രകാരം അതുകൊണ്ടു മുറിക്കാൻ കഴിയുന്നു. ഇതുപോലെയാണ് കർത്താവിന്റെ രത്നങ്ങളുടെ കാര്യവും – അവർ ഒന്നിച്ചുകൂടുന്നത് വർദ്ധിച്ചുവരുമ്പോൾ അവർ കൂടുതലായി ഉണർവ്വുള്ളവരാകുന്നു. അപ്പോൾ കൂടുതലായി അവസരങ്ങളുണ്ടാകുന്നു. അതിനനുസരിച്ച് കൂടുതലായി ഉരസ്സലുകളും സംഘർഷങ്ങളും ഉണ്ടാവുകയും ചെയ്യുന്നു. ഉരസലുകൾക്കെല്ലാം അയവുവരുത്തി സംഘർഷങ്ങളെയെല്ലാം മൂടി സകലതും സുഗമമാക്കുന്ന പരിശുദ്ധാത്മാവാകുന്ന എണ്ണയുടെ ആവശ്യം ഇവിടെയാണുള്ളത്.

"ഞാനുണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്കൊരു നിക്ഷേപമായിരിക്കും" എന്ന് യഹോവ ഉറപ്പിച്ച് അരുളി ചെയ്യുന്നു (മലാ. 3:17). അതെ ഈ രത്നങ്ങൾ എന്റേതായിരിക്കുമെന്ന് ദൈവം പറയുന്നു! ഓ, ഈ രത്നങ്ങളെയെല്ലാം ദൈവം തന്നെ കണ്ടെടുക്കുന്നതാണ്. എന്നിട്ട് നമ്മുടെ കർത്താവിനെ ഈ രത്നങ്ങളുടെയെല്ലാം ഒരു വേലയ്ക്കുള്ള പ്രധാന ശില്പിയായി നിയമിച്ചിരിക്കുന്നു. "യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ" (സങ്കീ. 50:5).

ആദ്യത്തേതും ഏറ്റവും മാഹാത്മ്യമേറിയതുമായ രത്നക്കല്ല് നമ്മുടെ കർത്താവായ യേശുവും തുടർന്ന് വലുപ്പമുള്ള പന്ത്രണ്ട് കല്ലുകളും – അപ്പൊസ്തലന്മാർ. സുവിശേഷയുഗത്തിലുടനീളം വിവിധ തരത്തിലുള്ള രത്നങ്ങളെ കണ്ടെടുത്തു മുറിച്ച് മിനുക്കി ഒന്നാം പുനരുത്ഥാനത്തിൽ ഉയർത്തുന്നു – ആ വേല ഇതിനോടകം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു! വിശാലമാക്കപ്പെട്ട ഈ സുവിശേഷയുഗകൊയ്ത്തിലും വിലയുള്ള രത്നങ്ങൾക്കായുള്ള തിരച്ചിൽ തുടർന്നുകൊണ്ടിരിക്കുന്നു. രത്നങ്ങൾക്ക് അവയുടെ യഥാർത്ഥ ഗുണവിശേഷങ്ങൾ പുഷ്ടിപ്പെടുത്തി കിട്ടുന്നതിന് മുറിക്കലും പോളീഷിംഗും എല്ലാം അനിവാര്യമാണെന്ന് നാമെല്ലാവരും അറിയുന്നു. അതുപോലെയാണ് നമുക്കുണ്ടാകുന്ന പരീക്ഷകളുടെയും സംഭ്രമിപ്പിക്കലുകളുടെയും പീഡാനുഭവങ്ങളുടെയും ആവശ്യവും. രത്നങ്ങൾക്ക് അതിന്റേതായ വിലയുണ്ട്. ധാരാളമായിട്ടുള്ളതാണെങ്കിലും വിലമതിക്കപ്പെടേണ്ട ഗുണങ്ങൾ തന്നെ. എന്നാൽ ഇത് ഏറ്റവും അധികമായി വിലമതിക്കപ്പെടുന്നതിനു കാരണം താരതമ്യേനയുള്ള അതിന്റെ ദുർലഭത്വമാണ്.

യഹോവ തന്റെ ഏകസത്യസഭയെ രത്നങ്ങൾ എന്നു പരാമർശിച്ചിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിയിൽ ഏറ്റവും അമൂല്യമായിട്ടുള്ളത് തന്റെ പുതിയ സൃഷ്ടിയാണെന്നുള്ളതിന് ഒരു സംശയവുമില്ല. ഇതേ രീതിയിൽ ദൈവം മിസ്രയീമിൽ നിന്ന് തന്റെ ജനത്തെ പുറത്തുകൊണ്ടുവന്നത് തനിക്ക് അപൂർവ്വതയുള്ള ഒരു നിക്ഷേപം ആയിരിക്കുന്നതിനാണ്. ഇതുപോലെ തന്റെ നാമത്തിനായി ശേഖരിക്കുന്ന പൊരുളായ അപൂർവ്വജനത്തെ ഏറ്റം വിലയേറിയ രത്നങ്ങൾ എന്നു വിശേഷിപ്പിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ഈ പന്ത്രണ്ടു രത്നക്കല്ലുകളാൽ ചിത്രീകരിച്ചിരിക്കുന്ന (ദൈവകൃപയാൽ സദൃശീകരിച്ചിരിക്കുന്ന) 144,000 ത്തിന് മഹാപുരോഹിത

ന്റെ ഹൃദയത്തോട് ചേർന്നുള്ള മാർപ്പതക്കത്തിൽ സ്ഥാനം കൊടുത്തിരിക്കുന്നു. പാപലോകമാകുന്ന മിസ്രയീമിൽ നിന്നു തന്നെയാണ് ഈ രത്നക്കല്ലുകളെ ശേഖരിച്ചിരിക്കുന്നത്. ഒരു രത്നവ്യാപാരി കൂടുതൽ പ്രയോജനത്തെ കരുതി തന്റെ രത്നങ്ങളെ ഇരുണ്ട പ്രതലത്തിൽ പ്രദർശിപ്പിക്കുന്നതു പോലെ കർത്താവും തന്റെ മാനത്തിനും മഹത്വത്തിനുമായി ഉജ്വലശോഭയോടെ പ്രകാശിക്കേണ്ടതിന് തന്റെ രത്നങ്ങളെ പാപത്തിന്റെ ഇരുണ്ട പശ്ചാത്തലത്തിൽ പരിലസിപ്പിക്കുന്നു.

രത്നങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ നമ്മുടെ മനസ്സിൽ തോന്നലുണ്ടാക്കുന്ന ഏഴ് പ്രധാന ഗുണ വിശേഷങ്ങൾ:

1) രത്നങ്ങളുടെ **അപൂർവ്വതയാണത്.** യുഗങ്ങളോളമുള്ള തിരച്ചിലിനൊടുവിൽ നമുക്കു ലഭിച്ചത് 100 മഹത്തരമായ രത്നക്കല്ലുകൾ മാത്രമാണ് – അവയെ കണ്ടുപിടിക്കുന്നതിനു നാം കഴിച്ച ഉദ്യമങ്ങളോർക്കുമ്പോൾ വെറുമൊരു ചെറിയ സംഖ്യ. അതുപോലെ ദൈവത്തിനും തനിക്കുള്ള 144,000 രത്നങ്ങൾക്കു വേണ്ടി നൂറ്റാണ്ടുകളോളം തിരയേണ്ടി വന്നു (ഇതിനോടകം അവ ശേഖരിക്കപ്പെട്ടു കഴിഞ്ഞു). അനേകർ വിളിക്കപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം. കുറച്ചു പേർ മാത്രമെ തങ്ങളുടെ കൈനിറയെ ഉണ്ടായിരുന്ന അഴുക്കിനെ വിട്ടുകളയുവാൻ തയ്യാറായുള്ളു.

**രത്നങ്ങളുടെ ഏഴ് പ്രധാന ഗുണങ്ങൾ: അവയുടെ അപൂർവ്വത, അവയുടെ അമൂല്യത, അവയുടെ പരിശുദ്ധി, അവയുടെ ഉജ്ജ്വലശോഭ, അവയുടെ സൗന്ദര്യം, അവയുടെ ദൃഢത, അവയുടെ ഉപയോഗം**

2) രത്നങ്ങൾ **അമൂല്യമാണ്.** കർത്താവു സഭയെ വിലയേറിയ ഒരു മുത്തിനോട് (പവിഴം) സാദൃശ്യപ്പെടുത്തിയിരിക്കുന്നു. പവിഴം കഴിഞ്ഞാൽ താരതമ്യേന വലിപ്പത്തിനനുസരിച്ച് ഏറ്റവും വിലയേറിയത് മാണിക്യമാണ്. ജ്ഞാനം മുത്തിലും വിലയേറിയതാണെന്ന് ഇയ്യോബ് പറയുന്നു. വജ്രങ്ങൾ വളരെ വിലയേറിയതാണ്. 'കുള്ളിനൻ' ഡയമണ്ടിന് (ഒരിനം വജ്രം) 400 ദശലക്ഷം ഡോളറും 'ഹോപ്പ്' ഡയമണ്ടിന് (മറ്റൊരിനം വജ്രം) 250 ദശലക്ഷം ഡോളറും വിലയുണ്ട്. എന്നാൽ കർത്താവിന്റെ രത്നങ്ങൾ വാക്കുകളിൽ കൂടി വർണ്ണിക്കാൻ കഴിയുന്നതിലും വളരെയേറെ അമൂല്യങ്ങളാണ്. "തന്റെ ഭക്തന്മാരുടെ മരണം യഹോവക്ക് വിലയേറിയതാകുന്നു" എങ്കിൽ, അവർ പരസ്പരവും എത്ര കൂടുതലായി അങ്ങനെയായിരിക്കും.

3) രത്നങ്ങൾ **പരിശുദ്ധമാണ്.** തീർച്ചയായും ഇതാണ് അവയുടെ മൂല്യത്തിന്റെ പ്രധാന രഹസ്യം. ഏതെങ്കിലും കല്ലിലുള്ള അശുദ്ധിയുടെ അളവാണ് അതിന്റെ വിലത്തകർച്ചയ്ക്കു കാരണം. അതിന്റെ തയ്യാറാക്കലിന്റെ ആദ്യപ്രവൃത്തി ശുദ്ധിയുള്ള പരലുകളുടെ വേർതിരിക്കലാണ്. കർത്താവിന്റെ രത്നങ്ങളുടെ കാര്യവും ഇങ്ങനെതന്നെയാണ്! "അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ". ഇതാണ് തന്റെ വിശുദ്ധന്മാരുടെ നേർക്കുള്ള കർത്താവിന്റെ വിളി (2 കൊരി. 6:17; യിര. 15:19).

4) രത്നങ്ങളുടെ **ഉജ്ജ്വലശോഭ.** ഒരു കഷണം കരിയും ഒരു വജ്രവും തമ്മിലുള്ള ഏകവ്യത്യാസം അവ പ്രകാശത്തെ ഉപയോഗിക്കുന്ന വിധത്തിലുള്ളതാണ്. കരി പ്രകാശത്തെ സ്വീകരിക്കുന്നത് വലിച്ചെടുത്ത് സ്വാർത്ഥതയോടെ ഉള്ളിൽ സൂക്ഷിക്കുന്നതിനാലാണ്; അത് ഇരുണ്ടതായിത്തീരുന്നു. വജ്രവും അതേ വസ്തുവിൽ നിന്നുതന്നെ ഉള്ളതാണെങ്കിലും അതു പ്രകാശത്തെ സ്വീകരിച്ച് നൂറു പ്രതലങ്ങൾ വഴിയായി ആ പ്രകാശത്തെ തിരിച്ച് പ്രതിഫലിപ്പിക്കുന്നു. കർത്താവിന്റെ രത്നങ്ങളിൽ ഒന്നാകുന്നതിന് കുറെയൊക്കെ മാനസികവും വളരെയേറെ ആത്മീയവുമായി ഉജ്ജ്വല ശോഭയോടുകൂടി സത്യത്തിനു സാക്ഷി നില്ക്കേണ്ടത് ആവശ്യമാണ്. കൊയ്ത്തിൻവേലയിൽ ഒരുവിധത്തിലും പങ്കാളികളാകാത്തവർക്ക് രാജ്യത്തിൽ കൂട്ടവകാശികളായിട്ടൊ അല്ലെങ്കിൽ നല്ല ലേവ്യരുടെ പ്രത്യേക സഹായികളായിട്ടൊ ഉള്ള മഹത്തരമായ പങ്കാളിത്തമോ ലഭിക്കുകയില്ല. നാം നമ്മുടെ വെളിച്ചത്തെ പ്രകാശിപ്പിക്കാതെ, അതിനുപകരം കർത്താവിന്റെ വെളിച്ചത്തെ പ്രതിഫലിപ്പിക്കുന്നതിനു സൂക്ഷ്മതയുള്ളവരായിരിക്കണം. ഇരുളിൽ ഒന്നിച്ചിരിക്കുന്ന ഒരുകൂട്ടം രത്നങ്ങളെ കാണാൻ കഴിയാതെ നിങ്ങൾ തട്ടി ഇടറിവീഴും. എന്നാൽ അവയെ സൂര്യപ്രകാശത്തിലേക്കു കൊണ്ടുവന്നാൽ അവയുടെ ഉജ്ജ്വല പ്രകാശം നിങ്ങളുടെ കണ്ണിലേക്കു പതിച്ച് നിങ്ങൾ അന്ധരായിപ്പോകും. ഇനിയും, ഏതു പ്രകാശമാണ് നിങ്ങൾ പ്രതിഫലിപ്പിക്കുന്നത് എന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം. വിലകുറഞ്ഞ ഒരു സമുദ്രനീലക്കല്ല് വിലയേറിയ ഒരു ഇന്ദ്രനീലക്കല്ലിനടുത്ത് ഒരു ഗ്യാസ് ലൈറ്റിനു കീഴിൽ വെച്ചാൽ വിലകുറഞ്ഞ സമുദ്രനീ

ലക്കല്ല് വളരെ ദൂരെവരെ പ്രകാശിക്കും; എന്നാൽ കണ്ണഞ്ചിപ്പിക്കുന്ന ശക്തമായ സൂര്യപ്രകാശത്തിനു കീഴിൽ അവയെ വെച്ചാൽ ഇന്ദ്രനീലക്കല്ല് അതിന്റെ നൈസർഗ്ഗികമായ നീലനിറം ഉജ്ജ്വലമായി പ്രതിഫലിപ്പിച്ച് വിലകുറഞ്ഞ കല്ല് മങ്ങി താരതമ്യേന അപ്രധാനമായിപ്പോകും. കർത്താവിന്റെ രത്നങ്ങൾ ശരിയായ ഉപദേശപ്രമാണങ്ങളും ചിന്തകളും വാക്കുകളും പ്രവൃത്തികളും മാത്രം പ്രതിഫലിപ്പിക്കും.

5) **സൗന്ദര്യം.** സൗന്ദര്യത്തെയും രത്നത്തിൽ നിന്നു വേർപെടുത്തുവാൻ കഴിയാത്തതാണ്. "ശലോമോൻ ഭംഗിയായിട്ട് ആലയത്തെ രത്നം കൊണ്ട് അലങ്കരിച്ചതു"പോലെ (2 ദിന. 3:6) കർത്താവു സൗന്ദര്യമുള്ള തന്റെ ഓരോ കുഞ്ഞുങ്ങളിലും സന്തോഷിക്കുന്നു. സങ്കീ. 45:10 "തങ്ങളുടെ പിതൃഭവനത്തെ മറന്ന് ചെവി ചായ്ച്ചു കേൾക്കുന്നവരുടെ സൗന്ദര്യത്തെ രാജാവ് അതിയായി ആഗ്രഹിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. വാക്യം 13ൽ അന്തഃപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു" എന്നും പറഞ്ഞിരിക്കുന്നു. ദൈവികസൗന്ദര്യം, സമാധാന അലങ്കാരമാകുന്ന പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വാഴുന്നുവെങ്കിൽ, പ്രിയമുള്ളവരെ എത്രതന്നെ മനോഹരങ്ങളായിരുന്നാലും നൈമിഷികമായ ഭൗമികവസ്തുക്കളെക്കൊണ്ട് നിങ്ങളുടെ ഹൃദയങ്ങളെ മോടിപിടിപ്പിക്കേണ്ടതിന്റെ ആവശ്യമെന്താണ്? സൂര്യന് അതിന്റെ തേജസ് വർദ്ധിപ്പിക്കുന്നതിന് നക്ഷത്രങ്ങളാൽ അലങ്കരിക്കപ്പെടേണ്ട ആവശ്യമില്ല; അല്ലെങ്കിൽ കർത്താവിന്റെ രത്നങ്ങളുടെ ഉജ്ജ്വലശോഭയുടെ വശ്യതയ്ക്ക് ഭൂമിയിലെ രത്നങ്ങളാൽ മങ്ങലേല്പിക്കേണ്ട കാര്യമില്ല. നിങ്ങളെത്തന്നെ അലങ്കരിക്കുമ്പോൾ അത് സ്വർണ്ണം കൊണ്ടോ അല്ലെങ്കിൽ മുത്തുകളെക്കൊണ്ടോ അല്ലെങ്കിൽ വിലയേറിയ വസ്തുക്കളെക്കൊണ്ടോ ആകരുത് (സ്ത്രീകളും തങ്ങളെത്തന്നെ ദൈവഭക്തികൊണ്ട് അലങ്കരിക്കട്ടെ).

6) രത്നങ്ങൾ **ദൃഢതയുള്ളതാണ്.** വജ്രങ്ങൾ ദീർഘനാൾ നിലനില്ക്കത്തക്ക ഉറപ്പുള്ളതാണ്. മറ്റൊന്നിനും അവയുടെ ശോഭയെ ഇല്ലാതാക്കുവാൻ കഴിയുകയില്ല. എന്തുകൊണ്ടു കർത്താവ് ഒരു തിളങ്ങുന്ന മഞ്ഞുതുള്ളിയെയൊ ലളിതസുന്ദരമായ ഒരു പുഷ്പത്തെയൊ തന്റെ മണവാട്ടിയെ ചിത്രപ്പെടുത്തുന്നതിനു തിരഞ്ഞെടുത്തില്ല. ഓ, ഇല്ല! അവ ക്ഷണികമായ നന്മകളെ ചിത്രപ്പെടുത്തുന്നവയാണ്. കർത്താവിന്റെ യഥാർത്ഥ ശിഷ്യന്മാർ ക്ഷമിക്കുകയും സഹിക്കുകയും ചെയ്യാൻ പഠിക്കേണ്ടവരാണ്. അവർ എന്നേക്കും ഉറച്ചുനില്ക്കും. "യഹോവ തന്നെ സ്നേഹിക്കുന്ന ഏവരെയും പരിപാലിക്കും" (സങ്കീ. 145:20). കർത്താവിന്റെ ജയാളികളെന്ന നിലയിൽ നമുക്ക് തളർന്നു പോകാതെയും നന്മ ചെയ്യുന്നതിൽ മടുത്തു പോകാതെയും ഇരിക്കാം.

**തന്റെ ഭൗമിക രാജ്യത്തിലേക്കുള്ള രത്നങ്ങളെ തിരഞ്ഞെടുക്കുന്ന വേല യഹോവ തുടരുന്നു. "യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെയടുക്കൽ കൂട്ടുവിൻ" (സങ്കീ. 50:5 NIV)**

7) രത്നങ്ങളുടെ പൂർണ്ണതയിലുള്ള ഏഴാമത്തെ ഗുണവിശേഷം **അതിന്റെ ഉപയോഗം** കൊണ്ടുള്ളതാണ്. പാറ തുരക്കുന്നതിനും കണ്ണാടികൾ മുറിക്കുന്നതിനും ചുഴിക്കുറ്റികൾ തുരന്നുണ്ടാക്കുന്നതിനും വാച്ചുകളിൽ അങ്കനം കുറിക്കുന്നതിനുമൊക്കെ അത് ഉപയോഗിക്കുന്നു. കർത്താവു തന്റെ രത്നങ്ങളെക്കൊണ്ട് ഉദ്ദേശിക്കുന്നത്, അവരെക്കൊണ്ട് ഈ ആയുസ്സിൽ പരസ്പരം ശുശ്രൂഷിപ്പിക്കുന്നതിനു മാത്രമല്ല, മുഴുനിത്യതയിലും അവരെ തന്റെ സഹായികളായി ഉപയോഗിക്കുന്നതിനുമാണ്. ശക്തിയിലും സമാധാനത്തിലും അനുഗ്രഹിക്കപ്പെടുന്നവരാകുന്നതിനുതന്നെ!

ഈ ഏഴ് ഗുണവിശേഷങ്ങൾ കർത്താവിന്റെ രത്നങ്ങളിൽ അധിഷ്ഠിതമായിത്തീരുന്ന സ്വഭാവസിദ്ധിയാണ്. അവർ അപൂർവ്വമായിട്ടു കാണപ്പെടുന്നവരാണ്. എന്തെന്നാൽ മുൻഭാഗങ്ങളിൽ കാണിച്ചിരിക്കുന്ന പ്രകാരം ഭൂരിപക്ഷവും കർത്താവിനെ ഉപേക്ഷിക്കുമ്പോൾ അവർ കർത്താവിനെ ഭയപ്പെടുന്നവരും തന്റെ ദൃഷ്ടിയിൽ അമൂല്യങ്ങളെന്ന് തെളിയിക്കപ്പെട്ടവരുമാണ്. അവർ "അവന്റെ നാമത്തെ ധ്യാനിക്കുകവഴി" പരിശുദ്ധിയുള്ളവർ ആയിത്തീർന്നു. ഒരുവൻ മറ്റൊരുവനോട് കർത്താവിന്റെ മഹത്വം പ്രതിഫലിപ്പിച്ചുകൊണ്ടു സംസാരിക്കുന്നതു കാണിക്കുന്നത് അവരുടെ ശോഭയെ ആണ്. അവർ കർത്താവിന്റെ ദൃഷ്ടിയിൽ സൗന്ദര്യമുള്ളവരാണ്. അവരുടെ വായിലെ വാക്കുകൾ വളരെയേറെ ആകർഷണീയമായിരിക്കുന്നതിനാൽ അവർ പറഞ്ഞതെന്തെന്ന് കർത്താവ് തന്റെ "സ്മരണപുസ്തകത്തിൽ" കുറിച്ചുവെക്കുന്നു. ഓ, പ്രിയമുള്ളവരെ നിങ്ങളുടെ സംഭാഷണം എല്ലായ്പ്പോഴും നമ്മുടെ സ്വർഗ്ഗീയ പിതാവിനെ പ്രസാദിപ്പിക്കുന്ന രീതിയിലുള്ളതാണോ? നിങ്ങൾ

പറയുന്നതെല്ലാം താൻ എഴുതിവെക്കുന്നതുകൊണ്ട് നിങ്ങൾ യഥാർത്ഥത്തിൽ സന്തോഷമുള്ളവരാണോ? അല്ലെങ്കിൽ ഇപ്പോൾ നിങ്ങളുടെ സംഭാഷണത്തിന്റെ സമയം അതിക്രമിച്ചിരിക്കുന്നു. ഉപയോഗയോഗ്യമായതിനാൽ "ഞാനവരെ ശേഖരിക്കും എന്നുള്ള വേദഭാഗത്തു പറഞ്ഞിരിക്കുന്നത് അവർ ദൃഢത (ഉറപ്പ്) ഉള്ളവരാണെന്നുള്ളതിന്റെ സൂചനയാണ്. "ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും." (മലാ. 3:16-17, കാണുക). പോളീഷിംഗിന്റെ ഈ ഏഴുപടികളുടെ പൂർത്തീകരണത്തിന ശേഷം ദൈവപൈതലിന് അനുഭവിപ്പാൻ കഴിയുന്ന സർവ്വപ്രധാനമായ ഗുണങ്ങളിലൊന്നായിരിക്കണം സന്തോഷം.

യഹോവ തന്റെ രത്നങ്ങളിൽ ചെയ്യുന്ന അന്തിമമായ പോളീഷിംഗ് വേലകളുടെ മുഴുഭാഗങ്ങളുമാണ് ഈ ഏഴുപടികൾ. ഇതിനുശേഷം അവയുടെ മൂല്യനിർണ്ണയം നടക്കുന്നു. യഹോവ തന്റെ ഗൃഹവിചാരകന്മാരുമായി കണക്കുനോക്കും. എത്ര വൈവിദ്ധ്യമാർന്ന നേട്ടങ്ങളാവും അവിടെ ഉണ്ടായിരിക്കുക! ഒരിക്കലും രണ്ടു കഥാപാത്രങ്ങൾ കൃത്യം ഒരുപോലെ ആയിരിക്കയില്ല. വിശുദ്ധന്മാർക്കിടയിൽ കൃത്യം ഒരുപോലെയുള്ള ഐകരൂപ്യം ആവശ്യമില്ല. ഒരു കുട്ടയിലെ മുട്ടകൾ പോലെ ഒരേ ആകൃതിയൊ ഒരേ വലിപ്പമോ ഒരേ നിറമൊ അവർക്ക് ആവശ്യമില്ല. രത്നങ്ങൾ വലിപ്പത്തിലും പരിശുദ്ധിയിലും നിറത്തിലും വിലയിലും ആകൃതിയിലും രൂപഘടനയിലും വിഭിന്നവും വ്യത്യസ്ഥങ്ങളുമായിരിക്കും. അവർ ഒരു കാര്യത്തിൽ മാത്രം തുല്യതയുള്ളവരായിരിക്കും: അവരെല്ലാവരും രത്നങ്ങളായിരിക്കും. എല്ലാ സഹോദരന്മാരും സഹോദരിമാരും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ തന്നെ ചിന്തിക്കണം എന്നു നാം പ്രതീക്ഷിക്കരുത്. ക്ലാസുകളിലെ അനേകം സൈ്വരക്കേടിനും ഈ വലിയ സ്വഭാവ വൈകല്യം അടിസ്ഥാനകാരണമാകുന്നു.

സഭാ. 9:10 ഈ തക്ക അവസരങ്ങളെ വിശ്വസ്ഥതയോടെ മുറുകെ പിടിച്ചുകൊള്ളുവാൻ നമ്മെ പ്രബോധിപ്പിക്കുന്നു. "ചെയ്‌വാൻ നിനക്കു സംഗതിവരുന്നതൊക്കെയും ശക്തിയോടെ ചെയ്ക; നീ ചെല്ലുന്ന പാതാളത്തിൽ പ്രവൃത്തിയൊ സൂത്രമൊ, അറിവൊ, ജ്ഞാനമൊ ഒന്നും ഇല്ല." ജോൺസൻ സഹോദരൻ ഈ വാക്യത്തെ ഇങ്ങനെ തർജ്ജമ ചെയ്യുന്നതു നല്ലതെന്നു ചിന്തിച്ചു. "ചെയ്‌വാൻ നിന്റെ കൈ കണ്ടെത്തുന്നതൊക്കെയും നിനക്കു ശക്തിയുള്ളപ്പോൾ ചെയ്ക." ദൈവത്തിന്റെ സമർപ്പിത കുഞ്ഞുങ്ങൾ എന്ന നിലയിൽ നമ്മുടെ വിരൽതുമ്പിൽ വരുന്നതൊന്നും ഉപയോഗിക്കാതെ വഴുതിപ്പോകുവാൻ നാം അനുവദിക്കരുത്; നാം അവയെ ഉപയോഗപ്പെടുത്താതിരുന്നാൽ നിശ്ചയമായും അവ നമുക്കെതിരെ ശിക്ഷാവിധിക്കുള്ള സാക്ഷികളായി എഴുന്നേല്ക്കും; അവയെ വിശ്വസ്തതയോടെ ഉപയോഗപ്പെടുത്തിയാൽ അത് ദൈവത്തിന് മഹത്വം വരുത്തുകയും മറ്റുള്ളവർക്കും നമുക്കും അനുഗ്രഹപ്രദമായിത്തീരുകയും ചെയ്യും. അതുകൊണ്ട്, അങ്ങനെ ശരിയായി ഉപയോഗിക്കുന്നവർ ഏറ്റവും വിലയേറിയ കല്ലുകളെക്കാളും ഏറ്റവും വിലയേറിയ രത്നങ്ങളെക്കാളും അമൂല്യതയുള്ളവരെന്ന് അതുവഴി തെളിയും.

ദൈവത്തിന്റെ കയ്യിലിരിക്കുന്ന രത്നങ്ങളെന്ന നിലയിൽ ഈ ഏഴ് പ്രധാന ഗുണങ്ങൾ നാം വളർത്തിയെടുക്കുമ്പോൾ മറ്റു ചെറിയ കാര്യങ്ങളിലും അവസരത്തിനൊത്ത് വിശ്വസ്ഥത പുലർത്തുന്നതിന് അവ നമ്മെ പ്രാപ്തരാക്കും. മറ്റു കാര്യങ്ങൾ ഒരുപോലെയായിരുന്നാലും അവയുടെ ഉപയോഗത്തിലുള്ള വിശ്വസ്തത "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനെ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിച്ചുകൊൾവിൻ" എന്നുള്ള കർത്താവിന്റെ അംഗീകാരം ലഭിക്കുന്നതിന് തീർച്ചയായും ഇടയാക്കും. അതുകൊണ്ട് തെറ്റായ കാര്യങ്ങൾക്കെതിരായി വാക്കാലുള്ള സാക്ഷ്യത്തിൽ നമുക്ക് വിശ്വസ്തരായിരിക്കാം. അതുകൊണ്ട് പേരും മേൽവിലാസവും ശേഖരിക്കുന്നവരെയും സ്വമേധാ വേലക്കാരെയും പോലെ യഥാകാലസത്യ സാഹിത്യം വിതരണം ചെയ്യുന്നതിൽ നമുക്ക് വിശ്വസ്തരായിരിക്കാം. നമ്മുടെ ഉപജീവനാംശത്തിൽ നിന്നു നല്കിക്കൊണ്ടും കർത്താവിന്റെ വേലയ്ക്കും വേലക്കാർക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള അവകാശം ഉപയോഗപ്പെടുത്തിക്കൊണ്ടും നമുക്കു നമ്മുടെ നായകന്മാരുടെ കരംചേർത്തു പിടിക്കുന്നതിൽ വിശ്വസ്തരായിരിക്കാം.

ഇപ്പോൾ നാം ഇതുചെയ്യുന്നുണ്ടെന്ന് നമുക്ക് ഉറപ്പുവരുത്താം. അവസരങ്ങൾ വിരളമാണ്. നമ്മുടെ വാതിലിൽ രണ്ടുതവണ മുട്ടുന്ന ശബ്ദം കേട്ടാലുടൻ നാം എഴുന്നേറ്റ് വാതിൽ തുറക്കണം. താമസിച്ചാൽ വീട്ടിൽ ആരുമില്ലെന്നു വിചാരിച്ച് മറ്റേതെങ്കിലും വാതിലിൽ മുട്ടുവാൻ അതുമാറിപ്പോകും. "ഞാൻ

വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" (വെളി. 3:20). നഷ്ടപ്പെട്ട അവസരം പ്രയോജനപ്പെടുത്താത്തവനും ആ അവസരം കൊടുത്തവനും, ഇരുകൂട്ടർക്കും വലിയ നഷ്ടം വരുത്തുന്നതാണ്. അതുകൊണ്ട് പ്രവർത്തിക്കുന്നതിനു നമ്മേത്തേടിയെത്തുന്ന അവസരം കൂടുതൽ സൗകര്യപ്രദമായ മറ്റൊരു സമയത്തേക്കു മാറ്റിവെച്ചുകൂടാ. ഇത് ഇപ്പോൾ വേണ്ടതാണ് അല്ലെങ്കിൽ പിന്നെ ഒരിക്കലുമതു കിട്ടുകയില്ലെന്നുള്ളത് ഒരു സാധാരണ തത്വമാണ്.

ഇന്നത്തെ ദിവസം നമ്മുടേതാണ്. നാളെ നാം ജീവിച്ചിരിക്കുമോ, ജീവിച്ചിരുന്നാൽതന്നെ ഇന്ന് നമുക്കു ചെയ്യുവാൻ അവസരമുള്ളത് നാളെ ചെയ്യുവാൻ കഴിയുമോ എന്നൊന്നും നാം അറിയുന്നില്ല. കാലതാമസം സമയത്തെ കൊള്ളയടിക്കുന്നു എന്നുള്ളത് എല്ലാവർക്കുമറിയാം. അത് അവസരങ്ങളെയും മോഷ്ടിക്കുന്നു എന്നുള്ളത് എല്ലാവരും അറിയുന്നില്ലെങ്കിലും അതൊരു സത്യമാണ്. നാം കാലതാമസം വരുത്തിയാൽ കർത്താവു നമ്മെ ഒഴിവാക്കി കൂടുതൽ ജാഗരൂകരായിരിക്കുന്ന ആർക്കെങ്കിലും അതു നല്കും. സഹോദരന്മാരെ, നമ്മുടെ ആത്മാർത്ഥത പ്രവർത്തിപഥത്തിലാക്കേണ്ട സമയം ഇപ്പോഴാണ്! "എന്റെ കൃപ നിനക്കു മതി" എന്ന് തിരുവെഴു പറയുന്നില്ലയൊ? നിന്റെ കൂട്ടുകാർ നിന്നെ ഉപേക്ഷിച്ചാലും എന്റെ കൃപ നിനക്കുണ്ടെങ്കിൽ, എന്റെ സ്നേഹം നിനക്കുണ്ടെങ്കിൽ വേണ്ടുവോളം നിനക്കതു പോരായോ?

നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ ശക്തി ദൈവത്തിന്റെ ഏതു വിശ്വസ്ത പൈതലാണ് വലിയ ആവശ്യസമയത്തും, തീർത്തും ബലഹീനമായിരിക്കുമ്പോഴും, തന്റെ ബലഹീനതയെ ഉയരത്തിൽ നിന്നുള്ള ശക്തിയാൽ പൂരിപ്പിച്ചുകൊണ്ട് അവനുവേണ്ടി പ്രവർത്തിച്ച ദൈവത്തിന്റെ ശക്തിയെ തിരിച്ചറിയാതിരിക്കുന്നത്? കർത്താവ് അവനെ വിളിച്ചപ്പോൾ, താൻ അയോഗ്യനെന്ന് സ്വയം തോന്നിയ വേല പൂർത്തീകരിക്കപ്പെട്ടപ്പോൾ ഉണ്ടായത്, ദൈവീകശക്തിയുടെ പ്രവർത്തനമാണെന്ന് തിരിച്ചറിയാത്തത് ആരാണ്?

തന്റെ ബലഹീനതയെ ദൈവികശക്തികൊണ്ട് പൂരിപ്പിക്കുവാനുള്ള കർത്താവിന്റെ കൃപയേറിയ കരുതലിനെ കണ്ട് വിശ്വസ്ത അപ്പൊസ്തലനായ പൗലൊസ് സൗമ്യമായി ഇങ്ങനെ പ്രതികരിച്ചു, "ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും." ഒരു ബുദ്ധിമാനായ വേലക്കാരനെന്ന നിലയിൽ തന്റെ എല്ലാ ശക്തിയും വിനിയോഗിക്കയും തന്റെ എല്ലാ കഴിവുകളും പൂർണ്ണമായി ഉപയോഗിക്കയും ചെയ്തുകൊണ്ട് അത്ഭുതങ്ങളാലും അടയാളങ്ങളാലും ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലും തന്റെ കൂടെ പ്രവർത്തിക്കുന്ന കർത്താവിന്റെ കരം തിരിച്ചറിയുന്നതായിരുന്നു പൗലൊസിന്റെ സന്തോഷം (എബ്രാ. 2:4; അപ്പൊ. 19:11,12; 1 കൊരി. 2:4). പൗലൊസിന്റെ കഴിവുകളുടെ വിശ്വസ്ത ഉപയോഗത്തിലൂടെ ദിവ്യശക്തിയുടെ ഈ പ്രദർശനങ്ങൾ അവന്റെ പ്രവൃത്തിക്കുള്ള കർത്താവിന്റെ അംഗീകാരമായിരുന്നു (BS 2004, P. 24).

നമ്മുടെ കർത്താവിന്റെ ഹൃദയത്തിന്റെ ഭാഷയിൽ നമുക്ക് ആഹ്ലാദിക്കാം. "നീതിയുള്ള പിതാവെ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു" (യോഹ. 17:25). യേശുവിന് പിതാവിനോട് അടുത്ത കൂട്ടനുഭവം – ഭാഗഭാഗിത്വം – ആണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് താൻ പിതാവിന്റെ സ്നേഹവും നന്മയും തിരിച്ചറിഞ്ഞിരുന്നു; പിതാവിന്റെ ശക്തിയുടെ വെളിപ്പെടുത്തൽ അവൻ ഗ്രഹിച്ചിരുന്നു; പിതാവിന്റെ ദയാപൂർവ്വമായ ഔദാര്യം അല്ലെങ്കിൽ പ്രീതിവാത്സല്യം താൻ കുറിക്കൊണ്ടിരുന്നു. അതുകൊണ്ട് ദൈവവുമായി അതേ രീതിയിലുള്ള ബന്ധത്തിലേക്കു വരുന്ന നമുക്കും അങ്ങനെ പിതാവിന്റെ സ്നേഹത്തെയും വിശ്വസ്തതയെയും കുറിച്ച് അറിയാനും അതിൽ ആശ്രയിക്കാനും കഴിയും. ഇതു കേൾക്കുക വഴി ദൈവത്തിന്റെ സമർപ്പിത പൈതങ്ങൾ, ഈ യുഗത്തിൽ എല്ലായ്പ്പോഴും ദൈവം തന്റെ ജനത്തെ ബാഹ്യമായ രീതിയിൽ സമാധാനം നല്കി അനുഗ്രഹിക്കുന്നില്ലെന്ന് പെട്ടെന്നു ഗ്രഹിക്കും.



യേശുവിന്റെ പ്രത്യേക കൂട്ടാളികളായ അപ്പൊസ്തലന്മാർ അനർത്ഥങ്ങളനുഭവിക്കയും അടികൊള്ളുകയും ചെയ്തു (1 കൊരി. 4:10-13); അതുപോലെ തന്നെ തന്റെ യഥാർത്ഥ അനുഗാമികളെല്ലാം പീഡിപ്പിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു. അവരുടെ ജീവിതം സമാധാനമുള്ളതും സന്തോഷമുള്ളതുമാകാതിരിക്കാൻ ശത്രുവായവൻ തന്റെ ശക്തിയാൽ സകലതും ചെയ്തു. യേശുവിന്റെ കാൽച്ചുവടുകളിൽ നടക്കുന്ന എല്ലാവരുടെയും കാര്യത്തിൽ ഇത് സത്യമാണ്. നമുക്ക് അകമെയും പുറമെയും പോരാട്ടമുണ്ട്. നമുക്ക് നമ്മുടെ ജഡത്തോടു പോരാട്ടമുണ്ട്. കീഴടക്കുന്ന ഒരു പോര്, "നല്ല പോർ പൊരുതി" വിജയിക്കുന്നതിന്റെ ഒരു ഭാഗമാണ്. ലോകത്തോടും, ജഡത്തോടും പ്രതിയോഗിയോടും നമ്മുടെ ഹൃദയങ്ങളിലേക്കും മനസ്സുകളിലേക്കും സാത്താൻ കൊണ്ടുവരുന്ന സകലതിനുമെതിരായും നല്ല പോർ പൊരുതി നാം വിജയം കൈവരിക്കണം. ഈ പ്രതിസന്ധി മറികടക്കുന്നതിനും സമാധാനം നല്കുന്നതിനും വേണ്ടി സ്വർഗ്ഗീയ പിതാവ് തന്റെ ജനത്തിന് ശക്തി നല്കും (സങ്കീ. 29:11).

## ദൈവത്തിൽ ആശ്രയം വെച്ചിരിക്കുന്ന മനസ്സ്

"സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു" (യെശ. 26:3). ഒരു തരത്തിൽപെട്ട ജനത്തിനു മാത്രമാണ് തന്റെ സമാധാനം നല്കുമെന്ന് ദൈവം നിരുപാധികമായി വാഗ്ദത്തം ചെയ്തിരിക്കുന്നത്. അവരെ മാത്രമായിരിക്കും താൻ സമാധാനത്തിൽ കാക്കുകയും നിലനിർത്തുകയും ചെയ്യുന്നത് (സങ്കീ. 119:165; ഫിലി. 4:7). അവർ ഓരോരുത്തരും യഥാർത്ഥമായി പ്രതിഷ്ഠചെയ്തിട്ടുള്ളവരും സമർപ്പിക്കപ്പെട്ടവരുമാണ്; അവർ ഓരോരുത്തരുമാണ് തങ്ങളുടെ മനസ്സ് അവനിൽ ഉറപ്പിച്ച് ആശ്രയം വെച്ചിട്ടുള്ളവർ. എബ്രായ ഭാഷയിൽ ഈ വാക്ക് ഈ കാര്യത്തെ കൂടുതൽ ബലവത്തായി വ്യക്തമാക്കുന്നു; മനസ്സ് എന്ന് ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്ന റെറ്റ്സർ എന്ന വാക്ക് രൂപീകരണം എന്ന ആശയമാണ് നല്കുന്നത് – മാനസികമായിട്ടുള്ള ഉദ്ദേശ്യപരമായ ഒരു കാര്യം. റോതർഹാം നമ്മുടെ ദേഭാഗത്തിലെ ആദ്യത്തെ രണ്ടു ഭാഗം താഴെവരുംപ്രകാരം തർജ്ജമ ചെയ്തിരിക്കുന്നു. സ്ഥിരമായ ഒരു ഉദ്ദേശ്യപ്രകാരം [ദൈവീക പ്രമാണ പ്രകാരം] ആയിരിക്കും നീ കാക്കപ്പെടുന്നത് [നിന്റെ പറച്ചിൽ സഫലമാകുന്നത്] സഫലമാകുന്നത്! നമ്മുടെ വേദഭാഗത്ത് സമാധാനം എന്ന് തർജ്ജമ ചെയ്തിരിക്കുന്ന ശാലോം എന്ന എബ്രായ വാക്കിന്റെ കുറെക്കൂടി നല്ല തർജ്ജമ അഭിവൃദ്ധി (സഫലമാകുന്നത്) എന്നാണ്. പ്രാധാന്യം കണക്കിലെടുത്താണ് റോതർഹാം ഇത് ആവർത്തിച്ച് രണ്ടു പ്രാവശ്യം പറഞ്ഞിരിക്കുന്നത് (മാർജ്ജിൻ എഴുത്തു കാണുക). അങ്ങനെ നമ്മുടെ വേദഭാഗത്തിൽ ആദ്യത്തെ രണ്ട് ഭാഗത്ത് തന്നിൽ ആശ്രയിക്കുന്ന സ്ഥിരമാനസന്മാരെ (ഉറപ്പുള്ളവരെ – ASV മാർജ്ജിൻ കാണുക) പൂർണ്ണസമാധാനത്തിൽ (സഫലതയിൽ - അഭിവൃദ്ധിയിൽ) കാക്കും (സൂക്ഷിക്കും, സംരക്ഷിക്കും, നിലനിർത്തും) എന്നു പറഞ്ഞിരിക്കുന്നു (തന്റെ ഇഷ്ടം ചെയ്യുന്നതിന്, ഉദ്ദേശ്യതീരുമാനങ്ങളിൽ സ്ഥിരതയുള്ളവരെ – ആത്മാർത്ഥതയുള്ള സമർപ്പിതരെ ഓരോരുത്തരെയും). അതെ, ശക്തിയിലും (പൂർണ്ണ) സമാധാനത്തിലും അവർ അനുഗ്രഹിക്കപ്പെട്ടവരാകും.

എന്നാൽ ഈ വാഗ്ദത്തം ബാഹ്യമായ ഐശ്വര്യത്തിനു മാത്രമുതകുന്ന ചോദ്യം ചെയ്യപ്പെടാവുന്ന സംശയകരമായ ഒരു അനുഗ്രഹമാകാതെ, അഗ്നിപരിശോധനകളെ ദൈവാശ്രയത്തിലും ദൈവീകമേൽവിചാരണയിലും ദൈവികസ്നേഹപരിചരണത്തിലും കൂടെ സഹിക്കാവുന്ന ഭാരമാക്കിതീർക്കുന്നതിനുതകുന്ന ആന്തരികസമാധാനത്തിന്റെയും ഐശ്വര്യസമൃദ്ധിയുടെയും വാഗ്ദത്തമാണ്. നമ്മുടെ സ്വർഗ്ഗീയ പിതാവ് നമുക്ക് മതിയായ ദൈവകൃപ വാഗ്ദത്തം ചെയ്തിട്ടുണ്ട്. സഹിക്കാൻ വളരെ പ്രയാസമുള്ള പരീക്ഷകളിലും കഷ്ടങ്ങളിലും കൂടെ നാം ജയാളികളാകാൻ പോകുന്നില്ലെന്നും കൂടെ താൻ സൂചിപ്പിച്ചിട്ടുണ്ട് (1 കൊരി. 10:13). നാം അവന്റെ ശക്തിയിൽ ആശ്രയിച്ചാൽ വിജയം നമ്മുടേതായിരിക്കുമെന്ന് അവൻ നമുക്ക് ഉറപ്പുനല്കിയിട്ടുണ്ട്.

നാം ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ആശ്രയിക്കുന്നു – അവന്റെ ശക്തിയിലും വാഗ്ദത്തങ്ങൾ നിറവേറ്റുവാനുള്ള തന്റെ കഴിവിലും തന്നെ. നമ്മെ വിളിച്ചിരിക്കുന്നവൻ തന്റെ നല്ല വചനങ്ങൾ നിറവേറ്റുവാൻ പ്രാപ്തിയുള്ളവനാണെന്ന് നാം അറിയുന്നു. ഈ സമാധാനം അല്ലെങ്കിൽ ആശ്രയബോധം പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ അനുഗ്രഹമാണ്.

പരിശുദ്ധാത്മാവിനെ ദൈവത്തിന്റെ പരിശുദ്ധമായ മനസ്സിനെ, ദൈവത്തിന്റെ ചിത്തവൃത്തിയെ സ്വീകരിക്കുന്നതിനാനുപാതികമായി മാത്രമായിരിക്കും നാം ഈ സമാധാനം കൊണ്ടു നിറയുന്നത്. ഇത് ഒരു ലളിതമായ അനുപാദമാണ്. നാം കൃപയിലും, ദൈവ പരിജ്ഞാനത്തിലും, സത്യത്തിന്റെ പരിജ്ഞാനത്തിലും ആത്മാവിലും വളരുന്നതനുസരിച്ചായിരിക്കും ഈ ആശ്വാസവും ശക്തിയും നമ്മിൽ വർദ്ധിക്കുന്നത്. അങ്ങനെ ഓരോ ദിവസവും നാം കൂടുതലായ ദൈവസമാധാനം ഉള്ളവരായിത്തീരും; അങ്ങനെ നമുക്ക് അവന്റെ സ്നേഹത്തിൽ വളർച്ച പ്രാപിച്ച് നിലനില്ക്കാൻ കഴിയും.

"ലോകത്തെ ജയിച്ചജയമൊ നമ്മുടെ വിശ്വാസം തന്നെ" (1 യോഹ. 5:4) എന്ന് എഴുതിയിരിക്കുന്നത് നമ്മുടെ ഉപദേശത്തിനും ആശ്വാസത്തിനുമായിട്ടാണ്. ഈ വിശ്വാസം പണിയപ്പെടുന്നത് ദൈവവചനത്തിന്റെ സാക്ഷ്യത്തിന്മേലാണ്, ഉറപ്പുള്ള അടിസ്ഥാനത്തിന്മേലാണ്. ശക്തവും ആടി ഉലയാത്തതുമായ വിശ്വാസം നിലനിർത്തുന്നതിൽ കൂടെ മാത്രമെ ദൈവികസമാധാനം തന്റെ കുഞ്ഞുങ്ങളിൽ വസിക്കയുള്ളു. "നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല", "ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലതും നന്മക്കായികൂടി വ്യാപരിക്കുന്നു" (റോമ. 8:28). കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കുന്നു" (1 പത്രൊ. 3:12). നമ്മുടെ മനസ്സ് ദൈവത്തിൽ ഉറപ്പിച്ച്, തന്റെ സമർപ്പിത ജനത്തിന് കർത്താവു നല്കിയിട്ടുള്ള ധാരാളമായ വിലയേറിയ വാഗ്ദത്തങ്ങൾ ധ്യാനിച്ച്, നമ്മുടെ ഉറച്ച തീരുമാനം (ഉദ്ദേശ്യശുദ്ധി) തന്റെ ഇഷ്ടം മാത്രം ചെയ്യുന്നതിനുള്ളതാണെങ്കിൽ അവൻ നമ്മെ പൂർണ്ണസമാധാനത്തിലും ഐശ്വര്യസമൃദ്ധിയിലും കാത്തുസൂക്ഷിച്ച് ഏതു സാഹചര്യത്തിലും അവസ്ഥയിലും നമുക്ക് ജയം നല്കുകയും ചെയ്യും.

യെശ. 26:3 ഉപസംഹരിക്കുന്നത്, "*നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു*" എന്ന കാരണത്താൽ ദൈവേഷ്ടം ചെയ്യുന്നതിനു വേണ്ടിയുള്ളതായിരിക്കണം നമ്മുടെ ഉറച്ച ഉദ്ദേശ്യതീരുമാനങ്ങൾ എന്നതിന്റെ പ്രാധാന്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ്. റോതർഹാം ഇങ്ങനെ ഭാഷാന്തരം ചെയ്തിരിക്കുന്നു. "*നിന്നിൽക്കൂടി അവൻ സമാധാനത്തിലേക്ക് നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു*".

നാം ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചാശ്രയിച്ചിട്ടില്ലെങ്കിൽ ഒരിടത്തും നമുക്കവനെ കണ്ടെത്തുവാൻ കഴിയുകയില്ല; തന്റെ ഇഷ്ടം ചെയ്യുന്നതിനുള്ള ഉറച്ച ഉദ്ദേശ്യലക്ഷ്യം നമുക്ക് ഉണ്ടായിട്ടുമില്ല. തൽഫലമായി ദൈവത്തിന് പൂർണ്ണ സമാധാനത്തിന്റെയും ഐശ്വര്യത്തിന്റെയും അനുഗ്രഹം നമുക്കു നല്കുവാൻ കഴിയുകയുമില്ല. നമ്മുടെ സ്വന്ത ഇഷ്ടത്തിലും സ്വന്ത തീരുമാനങ്ങളിലുമോ അല്ലെങ്കിൽ നമ്മുടെ കൂട്ടുകാരുടെ ഇഷ്ടത്തിലും അവരുടെ നിരൂപണങ്ങളിലുമോ നാം ആശ്രയം വെച്ചിരുന്നെങ്കിൽ നാം വലിയ അസംതൃപ്തിയിലാകുമായിരുന്നു; എങ്കിൽ സകലതും അനിശ്ചിതമാകുമായിരുന്നു. നമ്മുടെ വിശ്വാസത്തിനും ധൈര്യത്തിനും ശരിയായ സ്ഥിരീകരണം ഉണ്ടാകുമായിരുന്നില്ല; നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉറപ്പിക്കുന്നതിന് ശരിയായ അടിസ്ഥാനം ഉണ്ടാകുമായിരുന്നില്ല.

തുടർച്ചയായി എപ്പോഴും പൂർണ്ണ ദൈവിക സമാധാനത്തിലിരിക്കുവാൻ ആഗ്രഹിക്കുന്നത് ഒരു ദൈവപൈതലിന്റെ അവകാശവും കടമയുമാണ്. അനുഭവപാഠങ്ങളിലൂടെയും ദൈവവചനത്തിന്റെ പഠനത്തിലൂടെയും നാം മനസ്സിലാക്കുന്നത് ബുദ്ധിമുട്ടുകളും പ്രശ്നങ്ങളുമില്ലാത്ത സന്തോഷകരമായ ജീവിതയാത്രയെയൊ, സൗഭാഗ്യങ്ങൾ കൊണ്ടുണ്ടാകുന്ന സംതൃപ്തിയെയൊ, ശാരീരികാരോഗ്യത്തെയോ, ധാരാളമായ സുഹൃത്തുക്കളെയൊ ആശ്രയിച്ചിരിക്കുന്നതല്ല സമാധാനം എന്നുള്ളതാണ്. നമ്മുടെ പാത ദുർഘടമായിരിക്കുമ്പോഴും, ആരോഗ്യം ക്ഷയിക്കുമ്പോഴും ദാരിദ്ര്യം ഉണ്ടാകുമ്പോഴും മരണം നമ്മുടെ ഹൃദയനിക്ഷേപങ്ങളെ കവർന്നുകളയുമ്പോഴും നമ്മിൽ വസിക്കുന്നതാണ് സമാധാനം എന്നുള്ളതാണ്. ഈ ജീവിതത്തിലെ യാതൊരു മാറ്റങ്ങൾക്കും താളം തെറ്റലുകൾക്കും നമ്മിൽ നിന്ന് എടുത്തുകളയാൻ കഴിയാത്തതും ശത്രുക്കൾക്ക് തൊടാൻ ശക്തിയില്ലാത്തതുമായ സമാധാനമാണിത്. ഇത്ര മൂല്യമുള്ള മറ്റെന്തൊരു സമ്മാനമാണ് നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിന് തന്റെ കുഞ്ഞുങ്ങൾക്കു നല്കുവാനുള്ളത്!

ശക്തിയും സമാധാനവും കൊണ്ട് അനുഗ്രഹിക്കപ്പെട്ടവരായി വരുംനാളുകളെ നമുക്ക് ശാന്തതയോടും ധൈര്യത്തോടും കൂടെ അഭിമുഖീകരിക്കാം. "അല്പവിശ്വാസികളെ നിങ്ങൾ എന്തിനു സംശയിച്ചു." നമ്മുടെ ഹൃദയവും മനസും ദൈവത്തിൽ ഉറച്ചി

രിക്കുന്നുവെങ്കിൽ, നാം അചഞ്ചലമായി തന്നിൽ ആശ്രയിക്കുന്നുവെങ്കിൽ ഒന്നിനും നമ്മെ ഒരുവിധത്തിലും ഉപദ്രവിക്കുവാനോ അല്ലെങ്കിൽ നമ്മുടെ സമാധാനത്തിനു ഭംഗം വരുത്തുവാനോ കഴിയുകയില്ല. അങ്ങനെ അവൻ നമ്മെ സുരക്ഷിതമായി നാം ആഗ്രഹിക്കുന്ന തുറമുഖത്ത് എത്തിക്കും. സകലത്തേയും നിയന്ത്രിക്കുന്ന ചുക്കാൻ പിടിച്ചുകൊണ്ട് എപ്പോഴും അവൻ നമ്മോടു കൂടെയുണ്ടെന്ന് നമുക്ക് എപ്പോഴും ഓർക്കാം.

ഈ സമ്പൂർണ്ണ സമാധാന സമൃദ്ധി അനുഭവിക്കുന്നതിന് നമുക്ക് തീർച്ചയായും നമ്മുടെ പിതാവിന്റെ മാറ്റംവരാത്ത സ്നേഹത്തിലും നമ്മോടുള്ള തന്റെ കരുതലിലും തന്റെ നിലനില്ക്കുന്ന വിശ്വസ്തതയിലും അചഞ്ചലമായ ആശ്രയബോധം ഉണ്ടായിരിക്കണം. നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്കു നാം നോക്കുമ്പോൾ നാം അവിടെ ദൈവത്തിന്റെ സർവ്വശക്തിയും മഹത്വപൂർണ്ണതയുമാണ് വെളിപ്പെട്ടു കാണുന്നത്; എന്നാൽ നമ്മുടെ ഹൃദയത്തിലും മനസ്സിലും അത് ഉറപ്പിച്ചു നിർത്തുവാനോ അതിനെ പിടിച്ചുകൊള്ളുവാനോ നമുക്ക് കഴിയുന്നില്ല; തന്റെ സമർപ്പിത കുഞ്ഞുങ്ങൾ എന്ന നിലയിൽ നമ്മോടുള്ള ദൈവത്തിന്റെ നിലനില്ക്കുന്ന വിശ്വസ്തതയെക്കുറിച്ചുള്ള അറിവില്ലാതെയായിരിക്കാം നാം അവനിൽ നിന്ന് നല്ല ദാനങ്ങൾ സ്വീകരിക്കുന്നത്. എന്നാൽ നമ്മുടെ വിശ്വാസത്തിന് ശരിയായ അടിസ്ഥാനമുണ്ടെങ്കിൽ തന്റെ വചനത്തിലും, ആത്മാവിലും, വഴിനടത്തിപ്പിലും കൂടെതന്നെ (ശരിയായി നമുക്ക് ദൈവത്തെ അറിയാൻ കഴിയുന്ന മാർഗ്ഗം) നമ്മുടെ പിതാവായി തന്നെ അറിയുന്നതിനു പഠിക്കുകയാണെങ്കിൽ നാം ദൈവത്തിൽ കൂടുതൽ കൂടുതൽ ഉറപ്പും വിലമതിപ്പുമുള്ളവരായിത്തീരും. നമ്മുടെ സമാധാനം നമ്മുടെ സ്ഥിരതക്ക് ആനുപാതികമാണ് – നമ്മുടെ നിലനില്ക്കുന്ന ഗുണങ്ങൾ. തങ്ങളുടെ ഹൃദയം ഉറപ്പുള്ളതല്ലെങ്കിൽ, ദൈവത്തിൽ ഉറപ്പിച്ചിട്ടുള്ള മനസ്സല്ലെങ്കിൽ, ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കാത്ത ആർക്കും ഈ ദൈവിക സമാധാനം നിലനിർത്താൻ കഴിയുകയില്ല.


നമ്മുടെ സമാധാനം ഭവിഷ്യത്തുകൾ ചിന്തിക്കാതിരിക്കുന്നത്, എല്ലാം വിധികല്പിതമെന്ന സിദ്ധാന്തം, അലംഭാവം, മടി, ലോകമയത്വം, സ്വയംപ്രീണനം മുതലായവയിൽ നിന്നുളവാകുന്നതല്ല; പിന്നെയൊ നാം നമ്മുടെ സ്വന്തമാക്കിത്തീർക്കുന്നതും ദൈവത്താൽ തന്നെ നല്കപ്പെട്ടിട്ടുള്ളതുമായ ദൈവികസമാധാനത്തിൽ നിന്നുള്ളതാണ്. എപ്പോഴും നമ്മുടെ അവകാശമായിരിക്കുന്ന പൂർണ്ണമായ ദൈവികസമാധാനവും ഐശ്വര്യവും, ദൈവേഷ്ടം ചെയ്യുന്നതിനുള്ള നമ്മുടെ ഉറച്ച ഉദ്ദേശ്യതീരുമാനങ്ങളെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്. നമുക്ക് ദൈവത്തെ കാണാൻ കഴിയാത്തപ്പോഴും ദൈവത്തോടുള്ള നിരന്തരമായ പൂർണ്ണ അനുസരണവും ദൈവത്തിലുള്ള നിരന്തരമായ പൂർണ്ണ വിശ്വാസാശ്രയവും ഇതിൽ അടങ്ങിയിരിക്കുന്നു. യെശ. 26:4, ഈ മാർഗ്ഗത്തിലുള്ള ഒരു പ്രബോധനം നല്കുന്നു: “**യഹോവയാം യാഹിൽ** ശാശ്വതമായോരു പാറ ഉള്ളതിനാൽ **യഹോവയിൽ** എന്നേക്കും ആശ്രയിക്കുവിൻ (*യുഗങ്ങളോളം നിലനില്ക്കുന്ന പാറ* – മാർജ്ജിൻ; റോതർഹാം). അങ്ങനെ നമ്മിലുള്ള ഈ സമാധാനവും അതിനു പ്രചോദനമാകുന്ന വിശ്വാസവും വഴി സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടെങ്കിലും ഫലപ്രാപ്തിക്കായുള്ള മധുരപ്രതീക്ഷയോടുകൂടി തന്റെ വചനത്തിലൂടെ നമുക്കായിട്ടുള്ള വാഗ്ദത്താനുഗ്രഹങ്ങളിലേക്ക് നമ്മുടെ കണ്ണുകളുയർത്താം; ഇപ്പോഴത്തെ സമാധാനവും സന്തോഷവും അതിനുള്ള ഒരു മുൻരുചിയാണ്!



# അനന്യാസും സഫീറയും

## ANANIAS AND SAPPHIRA

**"ഹൃദയപൂർവ്വം അന്യോന്യം ഉറ്റുസ്നേഹിപ്പിൻ" - 1 പത്രൊസ് 1:22**




ദൈവം സ്നേഹമാകുന്നു! എല്ലാവർക്കും, ദൈവവുമായുള്ള കൂട്ടായ്മയോട് ആനുപാതികമായി, അവന്റെ സ്വഭാവ സാദൃശ്യം ഉണ്ടായിരിക്കണം, സ്നേഹവും ഉദാരതയും ദയയും ഉള്ളവരായിരിക്കണം. അതിനു വിപരീതമായി: സാത്താൻ സ്വാർത്ഥതയാകുന്നു! അഹങ്കാരവും അതിമോഹവും അവനെ തെറ്റിദ്ധരിപ്പിക്കാൻ അനുവദിച്ചതിനാൽ ആ വലിയ എതിരാളി ആ ആത്മാവിന്റെ ആൾരൂപമാണ്. ഈ ലോകത്തിന്റെ പ്രഭുവായ സാത്താന്റെ സ്വാധീനത്തിൻ കീഴിലും വീഴ്ചയുടെ സ്വാധീനത്തിൻ കീഴിലും ഈ ലോകം ഒരു സ്വാർത്ഥ ലോകമാണ്, അത്രത്തോളം ദൈവവിരുദ്ധവുമാണ്.

സഹസ്രാബ്ദ യുഗത്തിന്റെ പ്രവർത്തനം പിശാചിന്റെ കെണിയിൽ നിന്ന് വീണ്ടെടുപ്പിനുള്ള ഒരു അവസരം നൽകിക്കൊണ്ട് മുഴു മനുഷ്യരാശിക്കും ഒരു പൂർണ്ണത നൽകും. യഥാസ്ഥാപനത്തിലേക്ക്, അതായത് ആദാമിൽ നഷ്ടപ്പെട്ട എല്ലാറ്റിന്റെയും വീണ്ടെടുക്കൽ, എന്നുപറഞ്ഞാൽ ആദാമിനും അവന്റെ വംശത്തിനുമായി യേശുവിലൂടെയുള്ള വീണ്ടെടുക്കൽ എന്നാണ് അർത്ഥമാക്കുന്നത്. അത് മഹത്തായ ഒരു സഹസ്രാബ്ദമായിരിക്കും, ഒരുക്കമുള്ളവരും അനുസരണയുള്ളവരുമായ എല്ലാവർക്കും സഹായകരവും ഉന്നമനം നൽകുന്നതുമാണ് അത്. സഭ, യേശുവിനൊപ്പം, ആത്മതലത്തിൽ, മനുഷ്യർക്ക് അദൃശ്യവും ദൈവത്തിന്റെ എല്ലാ ശക്തിയും കൊണ്ട് സായുധവുമായിരിക്കും. അവളുടെ പ്രവൃത്തി അവളുടെ കർത്താവിന്റേതു പോലെയായിരിക്കും; അവൾ തന്റെ കർത്താവുമായി അവന്റെ രാജ്യഭരണത്തിലും അവന്റെ പൗരോഹിത്യത്തിലും അവന്റെ ന്യായവിധിയിലും പങ്കുചേരും-ഈ ന്യായവിധി മനുഷ്യരാശിക്ക് ശിക്ഷയോ പ്രതിഫലമോ നൽകുന്നു, ഈ ന്യായവിധി അവരെ ബോധവൽക്കരിക്കാനും പരിപൂർണ്ണതയുടെ അവസ്ഥയിലേക്ക് ഉയർത്താനും ലക്ഷ്യമിട്ടുള്ളതാണ്.

ഈ സുവിശേഷയുഗം, അതിന്റെ വികസിത കൊയ്ത്തുവേല ഉൾപ്പെടെ, ദൈവം മനുഷ്യവർഗത്തിൽ നിന്ന് ഒരു യഥാർത്ഥ സഭയെ തിരഞ്ഞെടുക്കുന്ന കാലഘട്ടമാണ്. തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം മതവിഭാഗങ്ങൾ പരിഗണിക്കാതെ വിശുദ്ധരായിരിക്കും. തന്റെ പുത്രന്റെ പകർപ്പുകളല്ലാതെ മറ്റാരും ആ കൂട്ടത്തിൽ ഉൾപ്പെടരുതെന്ന് ദൈവം മുൻനിർണ്ണയിച്ചിരിക്കുന്നു (റോമർ 8:29). സഭയ്ക്കായി ലക്ഷ്യമിട്ട മഹത്തായ ദൗത്യത്തിനായി അവൾക്ക് പ്രത്യേക പരിശോധനയും പരിശീലനവും ലഭിച്ചു - ലോകത്തെ വിധിക്കുന്നതിനുള്ള അനുഗ്രഹം. സഭയ്ക്ക് മറ്റുള്ളവരോട് സഹതാപം മാത്രമല്ല ഉണ്ടാകേണ്ടത്, അതോടൊപ്പം ഹൃദയത്തിൽ ക്രിസ്തുസാദൃശ്യം കൈവരിക്കുന്നതിന് ഈ ഗുണം വളർത്തിയെടുക്കണം, കൂടാതെ ബാഹ്യമായ ജീവിതത്തിലും ചിന്തയിലും കഴിയുന്നത്ര ആ സാദൃശ്യം ഉണ്ടായിരിക്കുകയും വേണം.

വിശ്വാസികളുടെ എണ്ണം അനേകായിരം ആയിരുന്നുവെന്ന് രേഖകൾ പറയുന്നു. ദൈവത്തോടുള്ള നന്ദി, അവന്റെ പ്രീതിയോടുള്ള വിലമതിപ്പ്, അവനെ സേവിക്കാനുള്ള ആഗ്രഹം, സഹോദരന്മാരോടുള്ള അനുകമ്പയും സ്നേഹവും തുടങ്ങി അത്തരത്തിലുള്ള സ്നേഹത്തിന്റെ ആത്മാവ് അവരുടെ ഹൃദയങ്ങളിൽ ജ്വലിക്കാൻ തുടങ്ങി.

അവരിൽ ചിലർ ദരിദ്രരായിരുന്നുവെന്നു ഞങ്ങൾ മനസ്സിലാക്കുന്നു; സ്നേഹത്തിന്റെ ആത്മാവിനാൽ

നിയന്ത്രിക്കപ്പെട്ടിട്ട്, എല്ലാ ദരിദ്രരായ സഹോദരങ്ങളും തങ്ങളെപ്പോലെ തന്നെ പര്യാപ്തത ഉള്ളവരായിരിക്കേണമെന്നു സമ്പന്നരായിരുന്നവർക്ക് തോന്നി. ആവശ്യങ്ങൾ മനസ്സിലാക്കിയ അവർ ആദ്യം പരസ്പരം സ്വകാര്യമായി നൽകി. പിന്നീട് അവർ ഒരു ചെറിയ കൂട്ടായ്മ സംഘടിപ്പിച്ചതോടെ കാര്യം മുന്നോട്ടു പോയി. സമ്പന്നരിൽ പലരും തങ്ങളുടെ സ്വത്തുക്കൾ വിറ്റ് പണം കർത്താവിന്റെ ഭണ്ഡാരത്തിലേക്ക് മാറ്റി, ഒരു നിശ്ചിത തുക തങ്ങൾക്കും സമൂഹത്തിലെ മറ്റെല്ലാ അംഗങ്ങൾക്കും വിതരണം ചെയ്യണമെന്ന് ആഗ്രഹിച്ചു - ഒരേപോലെ ഭാഗം ഭാഗമാക്കുകയും ചെയ്തു.

ഇത് വളരെ മനോഹരമായ ഒരു ആത്മാവ് പ്രകടമാക്കി, കൂടാതെ ശരിയായ സാഹചര്യങ്ങളിൽ വിവേകപൂർവ്വവും ശരിയായതുമായ പ്രവണതയും ആകുമായിരുന്നു. എന്നാൽ നാം കണ്ടതുപോലെ ഈ സമൂഹം പരാജയമാണെന്ന് തെളിയിച്ചു. എന്നിരുന്നാലും, കർത്താവ് പ്രത്യക്ഷത്തിൽ ആ പരീക്ഷണവും പരാജയവും അനുവദിച്ചത് തന്റെ ജനത്തിന്റെ ഇടയിൽ അത്തരമൊരു സമൂഹം ഇപ്പോൾ സാധ്യമല്ലെന്ന് കാണിക്കുക എന്ന ഒരു നല്ല ഉദ്ദേശ്യത്തിനുവേണ്ടിയാണ്. മശിഹായുടെ രാജ്യം സ്ഥാപിതമായാലുടൻ സാമുദായിക തത്വം അത്ഭുതകരമായി അഭിവൃദ്ധിപ്പെടും; എന്നാൽ അപ്പൊസ്തലന്മാരുടെ കാലത്തെപ്പോലെ ഇപ്പോൾ അത് അപ്രായോഗികമാണ്.

"യഹോവയായ ഞാൻ ഹൃദയത്തെ ശോധനചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തനു അവനവന്റെ നടപ്പിന്നും പ്രവർത്തിയുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കുന്നു."
യിരെമ്യാവു 17:10

**ബർണബാസ് ഒരു അപ്പൊസ്തലനല്ല**

ഈ പാഠം നമ്മെ പരിചയപ്പെടുത്തുന്നത്, ദൈവഭക്തനും ജ്ഞാനിയും, സഭയിലെ ഒരു ശക്തനുമായ ബർണബാസിനെയാണ്. അവന്റെ പേര് ആശ്വാസത്തെ സൂചിപ്പിക്കുന്നു, പ്രത്യക്ഷത്തിൽ അതൊരു ഉചിതമായ പേരായിരുന്നു. യോസേഫ് എന്നായിരുന്നു അദ്ദേഹത്തിന്റെ ശരിയായ പേര്; അപ്പൊസ്തലന്മാർ അദ്ദേഹത്തിന് ബർണബാസ് എന്ന പുതിയ പേര് നൽകിയപ്പോൾ അവൻ വളരെ നല്ല സ്വഭാവമുള്ള വ്യക്തിയായിരുന്നിരിക്കണം-അദ്ദേഹത്തിന് മനോഹരമായ ഒരു ആത്മാവുണ്ടെന്നും തന്റെ ദൈനംദിന ജീവിതത്തിൽ സഹോദരന്മാർക്കും അവനുമായി സമ്പർക്കം പുലർത്തിയിരുന്ന എല്ലാവർക്കും ഒരു "സാന്ത്വനത്തിന്റെ പുത്രൻ" ആയിരുന്നുവെന്നും സൂചിപ്പിക്കുന്നു.

ബർണബാസിന് ഒരു വസ്തു അഥവാ സ്വത്ത് ഉണ്ടായിരുന്നു, അത് വിറ്റ് വരുമാനം അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവന്നു. അവൻ ഒരു അപ്പൊസ്തലനായിരുന്നില്ല, കാരണം അവർ പന്ത്രണ്ട് പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ, ഈ സമയത്ത് യൂദാസിന്റെ നഷ്ടം കാരണം പതിനൊന്ന് പേർ മാത്രം. വിശുദ്ധ പൗലൊസ്, പന്ത്രണ്ടാം അപ്പൊസ്തലൻ, കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രവും, "ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരെക്കാൾ ഒട്ടും കുറഞ്ഞവനല്ല" (2 കൊരിന്ത്യർ 11:5), എന്നാൽ സുവിശേഷ സത്യത്തിലേക്ക് അതുവരെ കണ്ണുതുറന്നിരുന്നില്ല.

ബർണബാസ് തന്റെ പങ്ക് മറ്റുള്ളവരോടൊപ്പം പൊതു തുകയിൽ നിന്ന് എടുക്കാൻ തയ്യാറായി; എന്നിരുന്നാലും, നിർദ്ദേശത്തിന്റെ നിബന്ധനകൾ അംഗീകരിച്ചവരിൽ അനന്യാസും ഭാര്യ സഫീറയും ഉൾപ്പെട്ടിരുന്നു. ഇവർക്ക് സ്വത്തുണ്ടായിരുന്നു, അത് വിറ്റ് വിലയുടെ ഒരു ഭാഗം അവരുടെ കയ്യിൽത്തന്നെ സൂക്ഷിച്ചു, ബാക്കിയുള്ളത് മുഴുവൻ തുകയായി അപ്പൊസ്തലന്മാരുടെ അടുക്കൽ കൊണ്ടുവന്നു. വാസ്തവത്തിൽ, അവർ തമ്മിൽ ഗൂഢാലോചന നടത്തി, തങ്ങൾ ഖജനാവിലേക്ക് ഇട്ട പണം സ്വത്തിൽ നിന്ന് ലഭിച്ചത് മുഴുവനുമാണെന്നു പ്രഖ്യാപിക്കാൻ അവർ പറഞ്ഞൊത്തിരുന്നു. വിശുദ്ധ പത്രൊസ് ഈ വിഷയത്തെ എങ്ങനെ കൈകാര്യം ചെയ്തുവെന്ന് നമ്മുടെ പാഠം പറയുന്നു. പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിൻ കീഴിൽ അവൻ പറഞ്ഞു: "അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും ഭൂമിയുടെ വിലയിൽ കുറെ എടുത്തുവെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്ത്?" സ്വത്ത് അവന്റേതാണെന്നും, അത് ഈ സമൂഹത്തിന് ദാനം ചെയ്യാൻ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും, ഇത് അവന്റെ സ്വമേധാ ഉള്ള ദാനം മാത്രമാണെന്നും, കേവലം സമൂഹത്തോട് മാത്രമല്ല, അങ്ങനെ അവൻ ദൈവത്തോട് കള്ളം പറഞ്ഞതാണെന്നും, അപ്പൊസ്തലൻ അനന്യാസിനെ ചൂണ്ടിക്കാണിച്ചു. ഈ വാക്കുകൾ കേട്ട അനന്യാസ്, കർത്താവിനാൽ അടിയേറ്റു മരിച്ചുവീണു. കുറച്ചു കഴിഞ്ഞപ്പോൾ

അവന്റെ ഭാര്യയും സമാനമായി മരണപ്പെട്ടു. അപ്പൊ. 5:1-5, "എന്നാൽ അനന്യാസ് എന്നു പേരുള്ള ഒരു പുരുഷൻ തന്റെ ഭാര്യയായ സഫീറയോടുകൂടെ ഒരു നിലം വിറ്റു. ഭാര്യയുടെ അറിവോടെ വിലയിൽ കുറെ എടുത്തു വെച്ചു ഒരംശം കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ




കാൽക്കൽ വെച്ചു. അപ്പോൾ പത്രൊസ്: അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തുവെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു എന്ത്? അത് വിൽക്കും മുമ്പേ നിന്റേതായിരുന്നില്ലയോ? വിറ്റശേഷവും നിന്റെ കൈവശം അല്ലാഞ്ഞുവോ? ഈ കാര്യത്തിന് നീ മനസുവെച്ചതു എന്ത്? മനുഷ്യരോടല്ല ദൈവത്തോടത്രേ നീ വ്യാജം കാണിച്ചത് എന്ന് പറഞ്ഞു. ഈ വാക്ക് കേട്ടിട്ടു അനന്യാസ് വീണു പ്രാണനെ വിട്ടു ("മരിച്ചു" NIV): ഇതു കേട്ടവർക്കു എല്ലാവർക്കും മഹാഭയം ഉണ്ടായി". സഫീറയെക്കുറിച്ചു അപ്പൊ. 5:6-11 വായിക്കുക. ദൈവവുമായുള്ള ഉടമ്പടി മനഃപൂർവം ലംഘിച്ചതിന്, കാലതാമസമില്ലാതെ ശിക്ഷ അനുഭവിച്ച സഭയിലെ രേഖപ്പെടുത്തപ്പെട്ട ഒരേയൊരു സംഭവം ഇതാണ്.

**മാനസാന്തരം പ്രസംഗിച്ചിട്ടില്ല-എന്തുകൊണ്ട്?**

ഒരിക്കൽ കർത്താവിനെ തള്ളിപ്പറഞ്ഞതിലൂടെ തനിക്കുണ്ടായ ദുഃഖകരമായ അനുഭവം വിശുദ്ധ പത്രൊസ് സംശയലേശമെന്യേ ഓർത്തിട്ടുണ്ട്. അനന്യാസിനോടും സഫീറയോടും അവൻ സഹതപിച്ചില്ല, അവർ തെറ്റ് ചെയ്തതായി അവരെ ചൂണ്ടിക്കാണിക്കുകയും മാനസാന്തരപ്പെടാൻ അവരെ പ്രേരിപ്പിക്കുകയും മരണശിക്ഷ വിധിക്കുന്നതിനുപകരം അവരോടൊപ്പം പ്രാർത്ഥനയിൽ പങ്കുചേരുകയും ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് ഞങ്ങൾ ചോദിക്കുന്നു.

ഈ രണ്ട് കുറ്റക്കാരും യഥാർത്ഥത്തിൽ ദൈവത്തിന്റെ മക്കളായിരുന്നില്ല അതായത് അവർക്ക് ഒരിക്കലും പരിശുദ്ധാത്മാവിന്റെ ഉത്പാദനം ലഭിച്ചിരുന്നില്ലെന്നതാണ് തിരുവെഴുത്തു തെളിയിക്കുന്നത്; സഭയ്ക്ക് ഒരു വലിയ പാഠം നൽകാൻ കർത്താവ് ഈ അവസരം ഉപയോഗിച്ചു-അവർ ഇടപെടുന്നത് മാംസത്തോടും രക്തത്തോടുമല്ല, മറിച്ച് യഹോവയാം ദൈവവുമായിട്ടാണെന്ന് അവരെ ഓർമ്മിപ്പിക്കാൻ ഈ അവസരം ഉപയോഗിച്ചു. ഈ വീക്ഷണകോണിൽ, സഭയെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ രണ്ടു വ്യക്തികൾക്കും ദൈവിക വിധിയിൽ ജീവനാശം സംഭവിച്ചത്. കർത്താവിന്റെ ദൃഷ്ടിയിൽ കാപട്യം, പ്രത്യേകിച്ച് മതപരമായ കാര്യങ്ങളിൽ, എത്രത്തോളം അപ്രിയമാണ് എന്ന് ഭാവി തലമുറയ്ക്ക് കാണിച്ചുതരുന്നു.

ഈ രണ്ടുപേരും ആത്മാവിൽ ജനിച്ചവരായിരുന്നുവെങ്കിൽ, അവരുടെ ശിക്ഷ രണ്ടാം മരണമായിരിക്കും; അങ്ങനെയെങ്കിൽ അവർക്ക് കർത്താവിൽ നിന്ന് എന്തെങ്കിലും പുനരുത്ഥാനമോ ഭാവി പരിഗണനയോ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതിന് ഞങ്ങൾക്ക് തിരുവെഴുത്തുപരമായ അടിസ്ഥാനമില്ല. എന്നാൽ അവർ ആത്മീയ കാര്യങ്ങളെ പൂർണ്ണമായി വിലമതിക്കാത്ത കേവലം ഈ ലോകത്തിന്റെ മക്കൾ ആയിരിക്കുന്നുവെങ്കിൽ, അവരുടെ ഭാവി താൽപ്പര്യങ്ങൾ നശിപ്പിക്കപ്പെടുന്നില്ല. ക്രിസ്തു മരിക്കുകയും കർത്താവായ യേശുവിലൂടെ ദൈവവുമായുള്ള നിരപ്പിന്റെ അനുഗ്രഹങ്ങൾ ഇതുവരെ പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തവരുമായ വലിയ മാനവ ലോകത്താണ് അവർ ഇപ്പോഴും. ക്രിസ്തുവിന്റെ സഹസ്രാബ്ദ മധ്യസ്ഥ ഭരണകാലത്ത്, "ഭൂമിയിലെ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടുകയും" അവരെ സത്യത്തെക്കുറിച്ചുള്ള അറിവിലേക്കും അതുവഴി രക്ഷ സ്വീകരിക്കുന്നതിനുള്ള അവസരത്തിലേക്കും കൊണ്ടുവരുമ്പോൾ, ലോകത്തോടൊപ്പം അവർക്കും പൊതുവെ അത്തരം മഹത്തായ അനുഗ്രഹം പ്രതീക്ഷിക്കാം.

ഞങ്ങളുടെ അനുമാനം ശരിയാണെങ്കിൽ, നമ്മുടെ കർത്താവുമായി വർഷങ്ങളോളം സഹവസിച്ചിരുന്ന, അവന്റെ അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിച്ച, അവന്റെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച്, ആ ശക്തിയാൽ പിശാചുക്കളെ പുറത്താക്കി, രോഗികളെ സുഖപ്പെടുത്തിയ യൂദാസിൽ നിന്ന് വളരെ വ്യത്യസ്തമായ സ്ഥാനത്താണ് അനന്യാസും സഫീറയും ഉണ്ടായി

രുന്നത്. അനന്യാസിനും സഫീറയ്ക്കും വേണ്ടിയുള്ള ഞങ്ങളുടെ കാരുണ്യവത്തായ ചിന്ത, അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചിരുന്നില്ലായെങ്കിൽ കൂടിയും, അവർ ചെയ്തതിനെ അവർ അപൂർണ്ണമായി അഭിനന്ദിച്ചു എന്നതാണ്. തങ്ങൾ വഞ്ചന നടത്തുകയാണെന്ന് അവർക്ക് അറിയാമായിരുന്നിട്ടും, പ്രത്യക്ഷത്തിൽ അവർ ആ വിഷയത്തിൽ ശരിയായ ശ്രദ്ധ പതിപ്പിച്ചില്ല. ഞങ്ങളുടെ പ്രതീക്ഷ അവർ മരണകരമായ പാപം ചെയ്തിട്ടില്ല എന്നാണ്; അവർക്ക് നഷ്ടപ്പെട്ട ജീവിതം പുനരുത്ഥാന കാലത്ത് തിരികെ ലഭിക്കുമെന്നും, അവർക്കു അന്ന് ലഭിക്കുന്ന വെളിച്ചം കാര്യങ്ങൾ നേരെയാക്കാനും, ദൈവത്തോടുള്ള അവരുടെ വിശ്വസ്തതയോ അവിശ്വസ്തതയോ നിർണ്ണയിക്കുന്നതിനുള്ള പൂർണ്ണമായ അവസരങ്ങളോടെയുമായിരിക്കും.

രൂപകല്പന ചെയ്ത ഉദ്ദേശ്യം സാക്ഷാത്കരിക്കപ്പെട്ടു. ദൈവത്തോടും മതപരമായി അവനുമായി ബന്ധപ്പെട്ട എല്ലാത്തിനോടും വലിയ ഭയവും ബഹുമാനവും മുഴുവൻ ജനക്കൂട്ടത്തിന്മേലും വീണു. ഭാവിയിൽ അവരുടെ അനുഗ്രഹത്തിനായി നടത്തിയ ഒരുക്കങ്ങൾ കണക്കിലെടുത്ത്, അവരുടെ അനുഭവം സഭയുടെ ശേഷിക്കുന്നവർക്ക് കൊണ്ടുവന്ന പാഠം കണക്കിലെടുത്ത്, ആ ഒരു ദമ്പതികളെ കഠിനമായി ശിക്ഷിക്കുന്നത് മൂല്യവത്തായിരുന്നു.

### വഞ്ചനയുടെ അതേ ആത്മാവ് ഇപ്പോഴും

കർത്താവിന്റെ ഇഷ്ടങ്ങളെ പ്രതിനിധീകരിക്കാനുള്ള അധികാരമുള്ള വിശുദ്ധ പത്രൊസിനെപ്പോലെ മറ്റുള്ളവരെ വിധിക്കുന്നതിൽ ഞങ്ങൾ അനുഗ്രഹം ലഭിച്ചവരല്ല. എന്നിരുന്നാലും, നമുക്ക് അറിയാൻ കഴിയുന്ന എല്ലാ കാര്യങ്ങളിൽ നിന്നും, സമാനമായ വഞ്ചനാപരമായ ജീവിതം നയിക്കുന്ന അനേകർ ഇന്ന് ഉണ്ടെന്ന് തോന്നുന്നു. അവരെ വിധിക്കാൻ ഞങ്ങൾക്ക് അനുവാദമില്ല, എന്നാൽ അവർ ഞങ്ങളോട് പറയുന്നതനുസരിച്ച് അവർ സ്വയം വിലയിരുത്തുന്നു. അവർ യഹോവയായ കർത്താവിന് സമർപ്പിക്കപ്പെട്ടതായി അവകാശപ്പെടുന്നു, ദൈവിക ഉദ്ദേശ്യത്തിനായി ബലിയർപ്പിക്കുന്നു. എന്നിരുന്നാലും, യേശുവിന്റെ പൂർണ അർപ്പണബോധമുള്ള അനുയായികളാണെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ സ്വേച്ഛയിലൂടെ വളരെയധികം പിന്നോട്ട് പോകുന്നു.

ഇവരിൽ ചിലർ നിസ്സംശയമായും അനന്യാസിന്റെ അതേ ഗണത്തിൽ പെട്ടവരാണ്. അവർ ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ടിരിക്കുന്നു, പക്ഷേ ഒരിക്കലും പരിശുദ്ധാത്മാവിനാൽ ഉല്പാദിതരായിട്ടില്ല, അവർക്ക് യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ അംശമോ പങ്കോ ഇല്ല. മറ്റുചിലർ യഥാർത്ഥ ക്രിസ്ത്യാനികൾ ആയിരിക്കാം, എന്നാൽ അവരുടെ സമർപ്പണത്തിന്റെ ഒരു ഭാഗം തിരികെ സൂക്ഷിക്കുന്നു. അങ്ങനെയാണെങ്കിൽ, രണ്ടാമത് പറഞ്ഞവർ അതിനു തക്ക പ്രതിഫലം വാങ്ങും എന്നത് ഉറപ്പാണ്. അതിനാൽ, അപ്പൊസ്തലൻ പ്രഖ്യാപിക്കുന്നു, "നാം നമ്മെത്തന്നെ വിധിച്ചാൽ [വിധിക്കേണ്ടത് ആവശ്യമാണ്] വിധിക്കപ്പെടുകയില്ല [കർത്താവിനാൽ]. വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു" (1 കൊരി. 11:31, 32). അത്തരം ക്രിസ്ത്യാനികൾ, തങ്ങളുടെ സമ്പൂർണ്ണ ബലിയിൻ ഉടമ്പടിയിൽ ജീവിക്കുന്നതിൽ പരാജയപ്പെട്ടതിനാൽ (വെളി. 7:14), ക്രിസ്തുവാകുന്ന പാറമേൽ പണിയപ്പെടുകയും, പ്രത്യക്ഷത്തിൽ, ബൈബിളിൽ ചൂണ്ടിക്കാണിച്ച അഗ്നിപരീക്ഷയിലൂടെ കടന്നുപോകേണ്ടതുമാണ്, കൂടാതെ മഹാകഷ്ടകാലത്തിൽ "തങ്ങളുടെ അങ്കി കുഞ്ഞാടിന്റെ രക്തത്തിൽ അലക്കി വെളുപ്പിക്കുകയും" വേണം.

ദൈവത്തിന്റെ ദൃഷ്ടിയിൽ വിശേഷാൽ ദുഷ്ടതയാണെന്നു ബൈബിൾ ചൂണ്ടിക്കാണിക്കുന്ന കാപട്യം, യേശുവിന്റെ നാമധേയ അനുയായികൾക്കിടയിൽ വളരെയേറെ നീണ്ടുനിൽക്കുന്നതുപോലെ തോന്നുന്നു. വിശ്വസിക്കാത്ത വിശ്വാസപ്രമാണങ്ങളും അതിന്റെ ശക്തിയില്ലാത്ത ദൈവഭക്തിയുടെ ഒരു ചടങ്ങും നമ്മോട് പറയുന്നത് അനേകർ കപടഭക്തിയോടെയും ദൈവിക വിധിക്ക് വിധേയരായും ജീവിക്കണം എന്നാണ്. "നിന്റെ കിരീടം ആരും എടുക്കരുത്" (വെളി. 3:11) എന്ന പാഠം ശ്രദ്ധിക്കുക.

ഇവിടെ നമ്മുടെ സ്വർണ്ണ വാചകം ഉചിതമായി വരുന്നു. നാം പരസ്പരം സ്നേഹിക്കണം-ആദ്യം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ, പിന്നെ നമ്മുടെ സ്വർഗ്ഗസ്ഥനായ കർത്താവായ യേശുവിനെ; കൂടാതെ, നാം നമ്മുടെ സഹോദരന്മാരെ സ്നേഹിക്കുകയും അവസരം കിട്ടുംപോലെ സേവിക്കുകയും വേണം. ഈ രീതിയിൽ സജീവമായി ഏർപ്പെട്ടിരുന്നാൽ, നാം കാപട്യത്തിൽ നിന്ന് സംരക്ഷിക്കപ്പെടുകയും ഭൗമിക രാജ്യത്തിലെ നമ്മുടെ ഓഹരിക്ക് ഒരുക്കപ്പെടുകയും ചെയ്യും.

# ഉചിതവും അനുചിതവുമായി ഉള്ള വിധിക്കൽ
## PROPER AND IMPROPER JUDGING

ഈ പാഠത്തിൽ നാം ക്രിസ്ത്യാനികൾ എന്നനിലയിൽ ശരിയായി സ്വയംവിമർശിക്കുകയും പരിശോധിക്കയും തിരുത്തുകയും ചെയ്യണമെന്ന് അപ്പൊസ്തലൻ പറയുന്നതായി തോന്നുന്നു. അപ്രകാരം ചെയ്യുന്നു എങ്കിൽ കർത്താവു നമ്മെ ബാലശിക്ഷ കഴിക്കുകയാകുന്നു. എന്നാൽ നാം നമ്മെത്തന്നെ വിധിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ സ്വർഗ്ഗീയപിതാവു അതു ചെയ്യും. എന്തുകൊണ്ടെന്നാൽ നമ്മെ അവൻ തന്റെ കുടുംബത്തിലേക്കും തന്റെ പിതൃസംരക്ഷണയിൻകീഴിലേക്കും ചേർത്തിരിക്കുകയാകുന്നു. ഇപ്രകാരമുള്ള ശിക്ഷയുടെ ഉദ്ദേശ്യം നമ്മെ വേദനിപ്പിക്കുന്നതിനല്ല, പിന്നെയോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനാകുന്നു. നമ്മുടെ നടത്തയും വാക്കുകളും ചിന്തകളും പ്രേരണകളും ബൈബിളിന്റെ തത്വങ്ങൾക്കു അനുസരണമായി നീതിയോടും കരുണയോടും സ്നേഹത്തോടും സത്യത്തോടും കൂടി ആവശ്യമുള്ളപ്പോൾ നമ്മെത്തന്നെ ശരിയാക്കുവാൻ നാം അന്വേഷിക്കണം. നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്നത് "നീ വഴിപാടു കഴിക്കാൻ യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന്റെ നേരെ വല്ല തെറ്റും ചെയ്തിട്ടുണ്ടെന്നു ഓർമ്മവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക; പിന്നെവന്നു നിന്റെ വഴിപാടു കഴിക്ക" എന്നാകുന്നു (മത്താ. 5:23, 24).

> **ദൈവമേ,**
> **എൻറെ ജീവിതത്തിൽ ഞാൻ ക്ഷമിക്കാത്ത ആരെയെങ്കിലും നീ എടുത്തു കാണിക്കുമോ?**
> **നീ എന്നോട് ക്ഷമിച്ചതുപോലെ ഞാൻ ഉത്തരം നൽകാനും ക്ഷമിക്കാനും എന്നെ**

അങ്ങനെ, നാം നമ്മെ തന്നെ വിധിക്കുന്നുവെങ്കിൽ നമ്മുടെ കടപ്പാട് നാം ശരിയായി നിറവേറ്റുന്നു. നാം തെറ്റ് പ്രവൃത്തിക്കുമ്പോൾ, "അതേ, ഞാൻ തെറ്റുകാരനാണ്, എന്നാൽ ആരും പൂർണ്ണരല്ല" എന്ന് മാത്രം പറഞ്ഞാൽ മതിയാകില്ല. അങ്ങനെ പറയുന്നു എങ്കിൽ നമ്മുടെ പാഠത്തിന്റെ ആത്മാവിനു ചേർച്ചയായിട്ടല്ല നാം പ്രവർത്തിക്കുന്നത്. നാം നമ്മുടെ തെറ്റ് സ്വയം കണ്ടുപിടിച്ച് നാം ദൈവീകമായി നിവർത്തിക്കേണ്ട ഒരു കർത്തവ്യമുണ്ട്. അതെന്തെന്നാൽ നാം നമ്മുടെ കഴിവനുസരിച്ച് ആ കാര്യങ്ങൾ ശരിയാക്കണം. ആരുടെയെങ്കിലും നേരെ കരുണയില്ലാത്ത ചിന്തകളാലാണ് തെറ്റു ചെയ്തിരിക്കുന്നതെങ്കിൽ ആ കാര്യം സംസാരിക്കുവാൻ അവന്റെ അടുക്കൽ നാം പോകേണ്ട ആവശ്യമില്ല. അതിന്റെ സാഹചര്യങ്ങളെല്ലാം നാംതന്നെ നമ്മുടെ ഓർമ്മയിൽ കൊണ്ടുവന്ന് നാം നമ്മെത്തന്നെ വിധിച്ച് വിമർശനവിധേയമാക്കി തിരുത്തണം. ഇപ്രകാരം ഈ കാര്യങ്ങൾ സംബന്ധിച്ച് നല്ല ഒരു പാഠം പഠിച്ച് നമ്മുടെ കർത്തവ്യം നാം നിവർത്തിക്കണം. ഇപ്രകാരം നമ്മുടെ ഹൃദയത്തിന്റെ ലക്ഷ്യങ്ങൾ ശരിയാണെന്നു നാം വെളിപ്പെടുത്തണം, അങ്ങനെയെങ്കിൽ നമ്മുടെ ഹൃദയനില ശരിയാണ്.

ഇപ്രകാരമുള്ള ചിന്തയിൽ നമ്മെ സംബന്ധിച്ചുള്ള ദൈവേഷ്ടം നാം സ്വയം വിധിക്കപ്പെടണം എന്നാണ്. നാം ഒരുവനെ നമ്മുടെ നാവുകൊണ്ടോ മറ്റേതെങ്കിലും തരത്തിലോ മുറിപ്പെടുത്തിയെന്നിരിക്കട്ടെ, നാം ആ വ്യക്തിയെ സമീപിച്ച് നാം ശരിയായ ക്ഷമാപണം നടത്തി ആ കാര്യം നേരെയാക്കണം. ഈ കാര്യം നാം പെട്ടെന്നു മറക്കാതിരിക്കുവാൻ ഒരു പ്രായശ്ചിത്തം നടത്തണം. ഇപ്രകാരമുള്ള പ്രായശ്ചിത്തം നാം നടത്തുവാൻ നമുക്ക് ശരിയായ സൗമ്യതയുണ്ടായിരിക്കണം, ഇപ്രകാരം നാം നന്നായി പ്രവർത്തിക്കണം. ഇപ്രകാരം നാം സ്വയം ശിക്ഷിക്കപ്പെടുന്നതിനെ നാം അവഗണിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയനില ശരിയല്ലെന്നു വെളിപ്പെടുത്തുന്നു; അങ്ങനെയുള്ള കാര്യങ്ങളിൽ അയാൾ കർത്താവിന്റെ കഠിനമായ ശിക്ഷയ്ക്കു പാത്രമാകേണ്ടിവരും. അത് അന്നുതന്നെയോ ആ ആഴ്ചയിലോ ആ മാസത്തിലോ തെറ്റു ചെയ്യുന്നതിനനുസരിച്ചായിരിക്കും.

കാര്യങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിൽ നാം പരാജയപ്പെടുകയാണെങ്കിൽ കർത്താവ് നമ്മെ തന്റെ കരങ്ങളിൽ എടുക്കുകയും ആവശ്യമായ പാഠം പഠിപ്പിക്കുന്നതിനു ക്ലേശകരമായ അനുഭവങ്ങളിൽകൂടെ നമ്മെ കടത്തിവിടുകയും ചെയ്യും. ചില കാര്യങ്ങൾ നാം പ്രവർത്തിക്കുന്നതിനും നമ്മെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുന്നതിനും അവൻ അനുവദിക്കുന്നുവെങ്കിൽ നാം ശരിയായി ചെയ്യാതെ

പരാജയപ്പെടുന്നതുകൊണ്ടാണ്. ഇപ്രകാരം ചില ശിക്ഷണ നടപടികളാകുന്ന ചില കഷ്ടതകൾ നമ്മുടെ മേൽ വരുവാൻ അവൻ അനുവദിക്കും. ഈ ക്രമീകരണങ്ങളുടെ ഉദ്ദേശ്യം നാം സ്വയം വിമർശിക്കപ്പെടാത്തതുകൊണ്ടാണ് കർത്താവ് ഇപ്രകാരം ചെയ്യുന്നത്. അത് നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനാകുന്നു.

അടുത്ത യുഗത്തിൽ ലോകമനുഷ്യജാതി ന്യായവിധിക്കായി പരിശോധനയിൽ വയ്ക്കപ്പെടും (അപ്പൊ. 17:31). നാം ലോകമനുഷ്യർ ആയിരുന്നെങ്കിൽ നാം ഇപ്പോൾ ന്യായം വിധിക്കപ്പെടുന്നതിനു പകരം അപ്പോൾ ആയിരിക്കും നമുക്കും അവസരം. നാം ക്രിസ്തുവിന്റെ ശിഷ്യന്മാരാണ്, ലോകത്തിലുള്ളവരല്ല, നാം ലോകത്തിൽ നിന്നും വിളിച്ചു വേർപെടുത്തപ്പെട്ടവരാണ് (യോഹ. 15:19). "ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കാൻ സമയമായല്ലോ" (1 പത്രൊ. 4:17).

നമ്മുടെ കാര്യത്തിൽ അത് ഇപ്പോഴും ലോകത്തിനത് ഭാവിയിലുമാണ്. അതുകൊണ്ട് നമ്മുടെ സ്വഭാവത്തിലെ കറകൾ ഇപ്പോൾ നീക്കപ്പെടണം. ഇത് ശരിയാണെങ്കിൽ അവ നീക്കുന്നതിനു വേണ്ടി നാം സ്വയം പ്രവർത്തിക്കുന്നില്ലെങ്കിൽ അവയെ നീക്കുന്നതിനു വേണ്ടി കർത്താവു നമ്മുടെ മേൽ ശിക്ഷണനടപടികൾ എടുക്കേണ്ടിവരും. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നാം രാജ്യത്തിനു യോഗ്യരായി തീരുകയില്ല. നാം കർത്താവിനോടുകൂടെയാണെങ്കിൽ ഈ വർത്തമാന യുഗത്തിൽ കർത്താവ് എടുക്കുന്ന വിധികളും ശിക്ഷണ നടപടികളും നാം സ്വീകരിക്കണം. നാം ബാലശിക്ഷ സ്വയം സ്വീകരിക്കുന്നില്ലെങ്കിൽ നാം വിശുദ്ധിയിൽ വളരുന്നതിന് കർത്താവ് നമ്മെ ശിക്ഷിക്കേണ്ടി വരും.

വിധിയെന്നുള്ള വാക്കും അഭിപ്രായം എന്നുള്ള വാക്കും നാം നമ്മുടെ മനോവികാരത്തെ കുടെക്കൂടെ പര്യായപദങ്ങളായി ഉപയോഗിക്കുന്നതാണ്. ഒരു മനുഷ്യൻ ഒരു കാര്യത്തെ സംബന്ധിച്ചു അഭിപ്രായം പറയുന്നത് ആ കാര്യം സംബന്ധിച്ചുള്ള വിധിയാണ്. അത് മറ്റുള്ളവരോടു വെളിപ്പെടുത്തുന്നതോ തന്റെ മനസ്സിൽ സൂക്ഷിക്കുന്നതോ ആയ അഭിപ്രായവും വിധിയും ഒന്നുതന്നെയാണ്. നമ്മുടെ ഒരഭിപ്രായമോ വിധിയൊ വെളിപ്പെടുത്തുന്നതിൽ ശരിയായ സമയമുണ്ട്. ഉദാഹരണമായി നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞത് "ഇനിയും വളരെ നിങ്ങളോടു പറവാനുണ്ട്, എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല" (യോഹ. 16:12). കർത്താവ് അവരോടു ചില കാര്യങ്ങൾ പറയാതിരുന്നതിനു ചില കാരണങ്ങൾ ഉണ്ട്. നാമും അതുപോലെ ചെയ്യുന്നതാണ് നല്ലത്.




തിരുവെഴുത്തുകളിൽ വിധി എന്നുള്ള വാക്ക് ചിലപ്പോൾ പ്രത്യേക അർത്ഥത്തിൽ അതായത് ശിക്ഷാവിധിയുടെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ കർത്താവ് ശിഷ്യന്മാരെ വിലക്കിയതെന്തെന്നാൽ തക്കസമയം വരുന്നതിനു മുമ്പേ ആരെയും വിധിക്കരുതെന്നാണ്. നാം ചില കാര്യങ്ങളെയോ ചില വാക്കുകളെയോ ചില പ്രവർത്തികളെയോ വിധിക്കുന്നത് നമ്മുടെ കർത്താവിനേപ്പോലെ നീതിയുടെ നിലവാരമനുസരിച്ചായിരിക്കണം. ഇത് നമ്മുടെ അവകാശമാണ്. ഒരു കാര്യം വാസ്തവമാണെന്നു നാം അറിഞ്ഞാൽ അതു സംബന്ധിച്ചു നമുക്ക് ഒരു അഭിപ്രായമുണ്ടായിരിക്കണം. യാതൊരഭിപ്രായമോ വിധിനിർണ്ണയമോ ഇല്ലാത്ത ഒരുവൻ തന്റെ സ്വഭാവത്തിൽ അസ്ഥിരനാണ്. ഏതു വിഷയത്തിലാണെങ്കിലും തങ്ങളുടെ മുമ്പിൽ വിമർശനവിധേയമാക്കപ്പെടുവാൻ വന്നാൽ ഏതൊരു ബുദ്ധിമാനായ വ്യക്തിക്കും അതിനൊരഭിപ്രായം ഉണ്ടായിരിക്കും. ഏതൊരു വ്യക്തിയും തന്റെ മുമ്പിൽ വരുന്ന കാര്യങ്ങളെ സംബന്ധിച്ച് തന്റെ അഭിപ്രായം പറയുവാനോ അവന്റെ മനസ്സിൽ അതേക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുവാനുള്ള സ്വന്തതീരുമാനം ഉള്ളവനോ ആയിരിക്കണം.

മറ്റൊരു തിരുവെഴുത്ത് പറയുന്നത്, "സമയത്തിന് മുമ്പേ ഒന്നും വിധിക്കരുത്" (1 കൊരി. 4:5) എന്നാണ്. എന്നാൽ ഇത് നാം സ്വയം വിധിക്കുന്നതുമായി ബന്ധപ്പെട്ടതല്ല, മറിച്ച് മറ്റുള്ളവരെ നാം വിലയിരുത്തുന്ന

തുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹൃദയ-വിചാരങ്ങളെ വിലയിരുത്തുന്നത് നമുക്കുള്ളതല്ല. തിരുവെഴുത്തുകൾ അവരെക്കുറിച്ച് പ്രസ്താവിക്കുന്നില്ലെങ്കിൽ നാം ആളുകളെ അപലപിക്കുകയോ ദുരുദ്ദേശ്യത്തിന്റെ പേരിൽ അവരെ കുറ്റക്കാരായി പ്രഖ്യാപിക്കുകയോ ചെയ്യരുത് (2 തിമോ. 3:1-8). ചില പെരുമാറ്റം തെറ്റാണെന്നോ ചില പഠിപ്പിക്കലുകൾ തെറ്റാണെന്നോ നമുക്ക് അറിയാമെങ്കിലും, വ്യക്തി സ്വമേധയാ തെറ്റാണെന്ന് പറയേണ്ടതില്ല, കാരണം നമുക്ക് ആരുടെയും ഹൃദയം വായിക്കാൻ കഴിയില്ല. ആളുകൾ എത്രത്തോളം പാപത്തോട് ആഭിമുഖ്യമുള്ളവരും, മനഃപൂർവ്വം തെറ്റു ചെയ്യുന്നവരുമാണെന്ന് ദൈവത്തിന് മാത്രമേ അറിയൂ. ചില സന്ദർഭങ്ങളിൽ, അവർ വ്യാമോഹം, അജ്ഞത, അന്ധവിശ്വാസം എന്നിവയിലായിരിക്കാം. മറ്റ് സന്ദർഭങ്ങളിൽ, അവരുടെ പരിസ്ഥിതി സാഹചര്യങ്ങൾ നമ്മുടെ വീക്ഷണത്തിൽ കാണുന്നതിൽ നിന്നും വ്യത്യസ്തമാകാം. അനുകൂല സാഹചര്യത്തിൽ ഉചിതമായ സമയത്ത് അത്തരം ആളുകൾക്ക് അവരുടെ തെറ്റുകളെ വ്യക്തമാക്കി കൊടുക്കാൻ നാം നമ്മുടെ കഴിവിന്റെ പരമാവധി ശ്രമിക്കണം. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ അവരെ ദ്രോഹിക്കാനോ നാം തെറ്റായി കണക്കാക്കുന്ന കാര്യങ്ങൾക്ക് അവരെ ശിക്ഷിക്കാനോ നമ്മൾ ശ്രമിക്കരുത് (PT '21, പേജ് 179).




ഇങ്ങനെ പറയുമ്പോഴും, ദൈവത്തിന്റെ സമർപ്പിതരായ മക്കൾ എന്ന നിലയിൽ നാം നമ്മിൽ തന്നെയും, അതോടൊപ്പം യേശുവിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്ന മറ്റുള്ളവരിലും നല്ല ഫലങ്ങളാണോ അതോ ചീത്ത ഫലങ്ങൾ കാണുന്നുണ്ടോ എന്ന് വിലയിരുത്തണം. മത്താ. 7:16-20 വാക്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്, അവരുടെ ഫലങ്ങളാൽ നാം അവരെ തിരിച്ചറിയേണമെന്നാണ്. 17-ാം വാക്യം "എല്ലാ നല്ല വൃക്ഷങ്ങളും" ആരോഗ്യദായകമായ ഫലവൃക്ഷത്തെ ആകാത്തതും ചീത്തയുമായ ഒരു ഫലവൃക്ഷവുമായി താരതമ്യം ചെയ്യാൻ ഉപദേശിക്കുന്നു. ഇത് കാണിക്കുന്നത്, അവന്റെ ശിഷ്യന്മാരായി, കഴിവും പ്രാപ്തിയുമുള്ളവർ ആത്മീയ ബലത്തോടും ശ്രദ്ധയോടും തുടക്കം കുറിക്കേണ്ടവർ അത് നഷ്ടപ്പെടുത്തുന്നതിനെയാണ്. ഫലം കായ്ക്കാത്ത എല്ലാ ശിഖരങ്ങളും ഛേദിക്കപ്പെടണമെന്ന് 19-ാം വാക്യം നിർദ്ദേശിക്കുന്നു! യോഹന്നാൻ 15:2-ലും ഈ ചിന്തയുണ്ട്, "എന്നിൽ കായ്ക്കാത്ത കൊമ്പുകളെല്ലാം അവൻ നീക്കിക്കളയുന്നു." ലൂക്കൊസ് 12:48, "ആർക്കെങ്കിലും വളരെ നൽകപ്പെട്ടാൽ അവനോട് വളരെ ആവശ്യപ്പെടും." ഞങ്ങൾ മത്തായി 13:12-ന്റെ കൂടെ ബ്ര.ജോൺസന്റെ വിവരണം ബ്രാക്കറ്റുകളിൽ നല്കിയിരിക്കുന്നു, "ഉള്ളവന് [ശരിയായി ഉപയോഗിച്ചവന്] കൊടുക്കും; അവന് സമൃദ്ധി ഉണ്ടാകും; ഇല്ലാത്തവനോടോ (ശരിയായി ഉപയോഗിക്കാത്തവൻ) അവന് ഉള്ളതുംകൂടെ (പ്രത്യേക അവകാശങ്ങൾ) എടുത്ത് കളയും". മത്താ 13:20-ാം വാക്യം പറയുന്നത്, "അവരുടെ ഫലങ്ങളാൽ" (ജീവിതം, പുറമേയുള്ള പ്രവർത്തനങ്ങൾ) "നിങ്ങൾ അവരെ അറിയും". സർവ്വശക്തനെ അവന്റെ നീതിപൂർവ്വവും സ്നേഹനിർഭരവുമായ നല്ല പ്രവൃത്തികളുടെ ഫലങ്ങളാലും നാം അറിയുന്നു. പുറമേ എത്ര മാന്യതയുള്ളവരാണെങ്കിൽ കൂടിയും, കോപത്തിന്റെയും പിണക്കത്തിന്റെയും "കയ്പ്പിന്റെ"യും ആത്മാവുള്ളവരെയും നമുക്ക് അറിയാം.

എന്നാൽ നാം സ്വയം വിലയിരുത്തുമ്പോൾ പോലും, അപ്പൊസ്തലൻ (1കൊരി.4:3,4) ഉപദേശിക്കുന്നതുപോലെ അല്പം സൌമ്യത നമ്മൾ പുലർത്തണം. ദൈവീക നിലവാരം എത്ര ഉയർന്നതാണെന്ന് നാം തിരിച്ചറിയുമ്പോൾ, അനാവശ്യ-തീവ്രതയിൽ സ്വയം വിധിക്കുന്നതിനുള്ള പ്രവണതയിൽ, ആദാമികവംശം മുഴുവൻ "അകൃത്യത്തിൽ രൂപപ്പെട്ടിരിക്കുന്നു" എന്ന വസ്തുത നാം കണക്കിലെടുക്കില്ല (ഉൽപ. 3:20; സങ്കീ. 51:5) എന്നതാണ് അദ്ദേഹത്തിന്റെ ചിന്ത എന്ന് തോന്നുന്നു. എന്നാൽ സ്വയം കഠിനമായി കുറ്റം വിധിക്കുന്നതിനുപകരം നാം ഇങ്ങനെ ചിന്തിക്കണം: "ഞാൻ പ്രവർത്തിച്ചതിന് തക്കവണ്ണം കുറ്റം വിധിക്കപ്പെട്ടി




രിക്കുന്നു എന്ന് എനിക്ക് തോന്നുന്നു, ഒപ്പം എനിക്ക് സ്വയം നല്ല ഒഴികഴിവുകളൊന്നും പറയാൻ കഴിയുന്നില്ലെങ്കിലും, ഈ വിഷയത്തിൽ എനിക്ക് എന്തെങ്കിലും സഹായം നല്കാൻ ദൈവത്തിന് കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഒരുപക്ഷേ, ഞാൻ കാണാത്ത ചില ശോചനീയമായ സാഹചര്യങ്ങൾ അവൻ കണ്ടേക്കാം." അനങ്ങനെയായാൽ, അപ്പൊസ്തലൻ സൂചിപ്പിക്കുന്നത് പോലെ, നാം നമ്മെത്തന്നെയും തെറ്റായി വിധിക്കുകയില്ല.

ദൈവത്തിന്റെ വിശ്വസ്തരായ മക്കൾക്ക്, ദൈവത്തിന്റെ തക്കസമയത്ത്, മനുഷ്യവർഗത്തെ ന്യായംവിധിക്കുന്ന രാജ്യത്തിൽ ഒരു പങ്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിലുപരി, ദൈവം ഇപ്പോൾ നമ്മുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലും നമ്മുടെ സ്വഭാവത്തിലും അവൻ ആഗ്രഹിക്കുന്ന നീതിയുടെ തത്ത്വങ്ങൾ വളർത്തുന്നതിന് ശ്രമിക്കുന്നു; അത് മനുഷ്യരാശിയെ ന്യായംവിധിക്കുന്നതിനും അനുഗ്രഹിക്കുന്നതിനും ക്രിസ്തുവിനെ സഹായിക്കുന്നതിനുള്ള ഭാവി പ്രവർത്തനങ്ങൾക്ക് നമ്മെ ഒരുക്കുന്നതിനാണ്. അതുകൊണ്ട്, നാം നമ്മുടെ സ്വന്ത ഹൃദയത്തിൽ നീതിയുള്ളവരല്ലെങ്കിൽ, നീതിയുടെ തത്ത്വങ്ങളെ നാം വിലമതിക്കുകയും അവ അനുഷ്ഠിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ, നാം രാജ്യത്തിന് യോഗ്യരായിരിക്കുകയില്ല. ഒരു മൃഗത്തോട് പോലും നാം അനീതി കാണിക്കരുത്. എല്ലാ ജീവജാലങ്ങൾക്കും അതിന്റേതായ അവകാശങ്ങളുണ്ട്, അവരുടെ എല്ലാ അവകാശങ്ങളും നാം നൽകുകയും, ഫലങ്ങൾ ദൈവത്തിന് വിട്ടുകൊടുക്കുകയും വേണം. അങ്ങനെ ചെയ്യുന്നതിനാൽ, ദൈവത്തെ അങ്ങേയറ്റം സ്നേഹിക്കുന്നവർക്ക് കരുതിയിരിക്കുന്ന മഹത്തായ സ്ഥാനങ്ങൾക്ക് നാം നമ്മുടെ സ്വന്തം മനസ്സിനെയും ഹൃദയത്തെയും തയ്യാറാക്കുകയാണ്.

കാരുണ്യത്തിന്റെയോ പ്രീതിയുടെയോ അടിസ്ഥാനത്തിൽ ആർക്കും രാജ്യത്തിൽ സ്ഥാനം നൽകില്ല. ബലഹീനതകൾക്കും കളങ്കങ്ങൾക്കും എതിരായുള്ള നമ്മുടെ യത്നങ്ങൾക്ക് അനുസൃതമായി ദൈവം കരുണ കാണിക്കുന്നു. എന്നാൽ ആ ഉന്നതസ്ഥാനത്തിന് അനുയോജ്യമല്ലാത്ത സ്വഭാവമുള്ള ആരെയും രാജ്യത്തിൽ പ്രവേശിക്കാൻ അവൻ അനുവദിക്കുകയില്ല. രാജ്യത്തിനായി അവൻ അംഗീകരിക്കുന്നവർ നീതിയുടെ തത്ത്വങ്ങളെ പ്രതിനിധീകരിക്കുകയും ഈ തത്ത്വങ്ങൾ ഇപ്പോൾ എങ്ങനെ പ്രയോഗിക്കണമെന്ന് അറിയുകയും വേണം. (അനീതിക്ക്) പകരം അനീതി ചെയ്യാതെ നഷ്ടം സഹിക്കാൻ തയ്യാറാവുന്ന തരത്തിൽ നീതിക്ക് വിധേയനാകാത്ത ആർക്കും മിശിഹായുടെ രാജ്യത്തിൽ ഒരു പങ്കും ലഭിക്കില്ല.

നാം ദൈവത്തിന്റെ യഥാർഥ വിശ്വസ്തരായ മക്കളാണെങ്കിൽ, മനപ്പൂർവ്വമല്ലാത്ത നമ്മുടെ കളങ്കങ്ങളെല്ലാം നമ്മുടെ വീണ്ടെടുപ്പുകാരന്റെ നീതിയുടെ മേലങ്കിയാൽ മൂടപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് എല്ലായ്പ്പോഴും ഓർമ്മിക്കാം (യെശ. 61:10). സ്വയം വിമർശിക്കുക, വിധിക്കുക എന്നീ മഹത്തായ കാര്യങ്ങൾ സ്വഭാവം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നാം നമ്മുടെ കഴിവിന്റെ പരമാവധി ചെയ്യുകയും, സ്വർണ്ണനിയമത്തിന്റെ അടിസ്ഥാനത്തിൽ മറ്റെല്ലാവരോടും ഇടപഴകുകയും ചെയ്യുകയാണെങ്കിൽ, നാം ആ രാജ്യത്തിന്റെ അടിസ്ഥാന തത്ത്വത്തെ വിലമതിക്കുന്നുവെന്നു ഇപ്രകാരം സ്വർഗ്ഗീയ പിതാവിൻ മുമ്പാകെ പ്രസ്താവിക്കുന്നു. കൂടാതെ, ഈ ഉറപ്പായ അടിത്തറയിൽ നാം സ്നേഹത്തിന്റെ ഒരു ഉപരിനിർമ്മിതി ചെയ്യുകയാണെങ്കിൽ, നാം അനുഗ്രഹിക്കപ്പെടുകയും അങ്ങനെ അവന്റെ പ്രിയപുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ രാജ്യത്തിനായി ഒരുക്കപ്പെടുകയും ചെയ്യും.

ഒരു "നല്ല മനസ്സാക്ഷി അഥവാ ധർമ്മബോധം" എന്താണെന്ന് പര്യാലോചിക്കാൻ ഒരുപക്ഷേ ഇത് ഉചിതമായ സമയമായിരിക്കും. ശരിയും തെറ്റും സംബന്ധിച്ച് ഉത്ബോധിപ്പിക്കുന്ന മനസ്സിന്റെ ധാർമ്മിക ഗുണമാണ് മനസ്സാക്ഷിയെന്ന് തോന്നുന്നു. ചില ആളുകൾക്ക് തീക്ഷ്ണമായ മനസ്സാക്ഷിയുണ്ട്, അവർക്ക് ശരിയും തെറ്റും വേഗത്തിൽ വിവേചിക്കാൻ കഴിയും. മറ്റുള്ളവർക്ക് വളരെ ശുഷ്കിച്ച മനസ്സാക്ഷിയാണുള്ളത്, ശരിയും തെറ്റും തമ്മിൽ വേർതിരിക്കാൻ അവർക്ക് പ്രയാസമാണ്, അഥവാ അവർ ധാർമ്മിക നിലവാരത്തിന്റെ സംഗതിയിൽ തീരെ നിസ്സംഗത പുലർത്തുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് നല്ല മനസ്സാക്ഷിയോടെയും ശരിയും തെറ്റും കൃത്യമായി നിർണ്ണയിക്കാനുള്ള കഴിവോടേയുമാണ്, എന്നാൽ പാപം ഈ മനസ്സാക്ഷിയെ അധഃപതിപ്പിച്ചിരിക്കുന്നു. അതിനാൽ തന്റെ മനസ്സാക്ഷി ശരിയാക്കുക, ശരിയായി വിവേചിക്കാൻ അവന്റെ മനസ്സാക്ഷിയെ പഠിപ്പിക്കുക എന്നത് ഓരോ ക്രിസ്ത്യാനിയുടെയും കടമയാണ്. ദൈവം തന്റെ വചനത്തിൽ നീതിയുടെ തത്ത്വങ്ങൾ നിരത്തുന്നു. ദൈവത്തിന്റെ ഈ നിയമത്തിലൂടെയാണ് ക്രിസ്ത്യാനിക്ക് ഈ തത്ത്വങ്ങൾ വിവേചിക്കാനും, ശരിയും തെറ്റും എന്താണെന്ന് തത്വപ്രകാരം കാണാനും കഴിയുന്നത്.

സ്വർണ്ണ നിയമം നമ്മെ ഉദ്ബോധിപ്പിക്കുന്നത്, സമാനമായ സാഹചര്യങ്ങളിൽ നിങ്ങളുടെ അയൽക്കാരൻ നിങ്ങളോട് ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ അവനോടും ചെയ്യേണമെന്നാണ്. ചില സാഹചര്യങ്ങളിലും വ്യവസ്ഥകളിലും നിങ്ങളുടെ അയൽക്കാരൻ നിങ്ങളോട് എന്ത് ചെയ്യേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെന്ന് ആലോചിക്കുക, അതിൻപ്രകാരം ശരിയായി ചെയ്യേണ്ടതെന്താണെന്ന് കാണാൻ മനസ്സാക്ഷിയെ സഹായിക്കുക. ധാർമ്മികമായി തെറ്റായതും, വിലക്കപ്പെട്ടതുമായ നിരവധി കാര്യങ്ങൾ ദൈവീക നിയമത്തിൽ ഉണ്ട്. ഈ കാര്യങ്ങളിൽ ദൈവേഷ്ടത്തിന് അനുസരണമായ ഒരു നടപടി മാത്രമേ സാധ്യമാകൂ എന്നതിനാൽ, മനസ്സാക്ഷിക്ക് ഇവ കൂടുതൽ എളുപ്പത്തിൽ വിവേചിച്ചറിയാൻ കഴിയും. എന്നാൽ നല്ല വിവേചനപരിശീലനം ലഭിച്ച മനസ്സാക്ഷിയുടെ ആവശ്യം വരുന്ന മറ്റു കാര്യങ്ങളുണ്ട്. സ്വർണ്ണ നിയമം ഇവിടെ പ്രത്യേകിച്ചും സഹായകരമാണ്. ഇങ്ങനെ നമ്മുടെ സ്വഭാവത്തിൽ നീതിയുടെ തത്ത്വങ്ങൾ ദൃഢമായി ഉറയ്ക്കുന്നതിനാൽ, കടമയുടെയും സ്നേഹത്തിന്റെയും സംഗതികളെ വിവേചിച്ചറിയാൻ പ്രയാസമില്ല.

ശരിയായ വളർച്ച പ്രാപിച്ച ഒരു ക്രിസ്ത്യാനിക്ക് ശരിയായ ശിക്ഷണമുള്ളോരു മനസ്സാക്ഷിയുണ്ട്. നീതിയുടെ തുലാസ് പോലെ, ഒരു നല്ല മനസ്സാക്ഷി കൃത്യമായും സന്തുലിതമാണ്. സാധാരണ തുലാസ് ഒരു സമയം ഒരു വശത്തേക്ക് അല്ലെങ്കിൽ മറു വശത്തേക്ക് ചരിഞ്ഞ നിലയിൽ ആകുമുണ്ടാവുക. എന്നാൽ ശരിയായി ക്രമീകരിച്ച ഒരു തുലാസ് ഒരേ നിരപ്പിൽ നിൽക്കും, അത് വിശ്വസനീയവും ആകും. അപ്രകാരം നല്ല മനസ്സാക്ഷി എന്നത് ദൈവത്തിന്റെ നിയമത്തിൽ നിന്നുള്ള ചെറിയ വ്യതിയാനം വരെ നിർണ്ണയിക്കാൻ കഴിയുന്ന ഒന്നാകുന്നു.

സ്വർണ്ണനിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വളരെക്കുറച്ചുപേർക്ക് മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. വളരെ കുറച്ച് ആളുകളാണ് ദൈനംദിന ജീവിതത്തിലെ എല്ലാ ചെറു അംശങ്ങളിലും ഇത് പാലിക്കാൻ ശ്രദ്ധിക്കുന്നത്. സ്വഭാവ രൂപീകരണത്തിന് താരതമ്യേന കുറച്ച് സമയമേ അവശേഷിക്കുന്നുള്ളൂവെന്നും, ഇപ്പോൾ മഹാന്യായാധിപൻ വാതിൽക്കൽ എത്തിയിരിക്കുന്നെന്നും അന്തിമ പരീക്ഷകൾ വളരെ അടുത്താണെന്നും നാം ഓർക്കണം. നാം രാജ്യ അവകാശത്തിൽ ഉൾപ്പെട്ടവരാകാൻ പ്രതീക്ഷിക്കുന്നുവെങ്കിൽ, നാം തിടുക്കം കൂട്ടണം. ഇത് വളരെ ഗൗരവമേറിയ ചിന്തയാണ്. അതുകൊണ്ട്, നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കാൻ, മിശിഹായുടെ രാജ്യത്തിൽ ഒരു പങ്ക് ലഭിക്കേണ്ടവരിൽ നിന്ന് ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ പഠിക്കാനും പ്രാവർത്തികമാക്കാനും നാം കഠിനാധ്വാനം ചെയ്യണം.

നാം സ്വയം ന്യായം വിധിക്കുന്നതിനെയോ വിമർശിക്കുന്നതിനെയോ കുറിച്ച് അപ്പൊസ്തലനായ പൗലൊസ് ഇങ്ങനെ പരാമർശിക്കുന്നു, "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്ക് ഉള്ളതുകൊണ്ട്, നാം ജഡത്തിലേയും ആത്മാവിലേയും സകലകന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക" (2 കൊരി. 7:1). "മനുഷ്യൻ തന്നെത്താൻ ശോധനചെയ്യട്ടെ"- അവൻ തന്റെ വീണുപോയ ജഡപ്രകൃതിയുടെ ബലഹീനതകളും അഴുക്കുകളും ശ്രദ്ധിക്കുകയും സ്വയം ശുദ്ധീകരിക്കാൻ ശ്രമിക്കുകയും ചെയ്യട്ടെ, "പഴയ മനുഷ്യന്റെ" പ്രവൃത്തികൾ "ഉപേക്ഷിച്ച്" നമ്മുടെ മാതൃകാപുരുഷനും ഒപ്പം വീണ്ടെടുപ്പുകാരനും കർ

ത്താവുമായ ദൈവത്തിന്റെ പ്രിയപുത്രന്റെ സാദൃശ്യത്തിലേക്ക് കൂടുതൽ കൂടുതൽ പുതുക്കപ്പെടട്ടെ. അതോടൊപ്പം, കഴിയുന്നത്ര നമ്മുടെ ജഡത്തെ മാത്രമല്ല, ആത്മാവിനെയും അഥവാ മനസ്സിനെ, അതെ ആ പുതിയ മനസ്സ്, വിശുദ്ധ പ്രതിജ്ഞ അഥവാ അഭീഷ്ടം എന്നിവയ്ക്ക് പൂർണ്ണ നിയന്ത്രണം നൽകി എല്ലാ ചിന്തകളും, ക്രിസ്തുവിൽ പ്രകടിപ്പിക്കുകയും ദൃശ്യമാക്കുകയും ചെയ്തതുപോലെ, ദൈവഹിതത്തിലേക്ക് കൊണ്ടുവന്നു ശുദ്ധീകരിക്കാൻ അപ്പൊസ്തലനായ പൗലൊസ് ആഹ്വാനം ചെയ്യുന്നു.

സമർപ്പിതരായ ദൈവമക്കൾ സ്വയം പരിശോധിക്കേണ്ടത് ആവശ്യമാണ്; എന്നാൽ "മനുഷ്യൻ തന്നെ ത്താൻ ശോധനചെയ്യട്ടെ..."; "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെ തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധന ചെയ്യുവിൻ. നിങ്ങൾ കൊള്ളരുതാത്തവരല്ല എന്ന് വരുകിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്ന് നിങ്ങളെ തന്നെ അറിയുന്നില്ലയോ?" (1 കൊരി. 11:28; 2 കൊരി. 13:5). ചിലർ ഈ ജീവിതത്തിന്റെ ചിന്തകളാൽ ചുറ്റപ്പെട്ടതായും, അതിന്റെ സുഖഭോഗങ്ങളാലും, ഇതിനകം സമ്പാദിച്ചതോ അല്ലെങ്കിൽ അന്വേഷിക്കുന്നതോ ആയ (മത്താ. 13:22; ലൂക്കൊസ് 8:14; 21:34 - 36) സമ്പത്തിന്റെ വഞ്ചനകളാലും വലയപ്പെട്ടിട്ടു ശരിയായ ആത്മീയ പോഷണത്തിനോ പരിശീലനത്തിനോ അവർക്ക് സമയം ലഭിക്കാതെയോ അല്ലെങ്കിൽ കുറഞ്ഞിരിക്കുന്നതായോ കണ്ടേക്കാം. അവർ ആത്മീയമായി ബലഹീനരും രോഗികളുമായിരിക്കും (1 കൊരി. 11:30), അവർ ആ വലിയ വൈദ്യന്റെ അടുത്തേക്ക് പോകുകയും അവന്റെ വചനത്തിലെ ജ്ഞാനപൂർവകമായ ഉപദേശം നേടുകയും ശ്രദ്ധിക്കുകയും വേണം.

# ബൈബിൾ സംഭാഷണങ്ങൾ

## കഥകൾ ലളിത ഭാഷയിൽ

## ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നും

### യിസ്ഹാക്കും റിബെക്കയും.

ഉല്പത്തി 24:1—25:5, 7-11

അബ്രാഹാം വയസ്സുചെന്നു വൃദ്ധനായി; യഹോവ അബ്രാഹാമിനെ സകലത്തിലും അനുഗ്രഹിച്ചിരുന്നു. തന്റെ വീട്ടിൽ മൂപ്പനും തനിക്കുള്ളതിനൊക്കെയും വിചാരകനുമായ ദാസനോടു അബ്രാഹാം പറഞ്ഞതു: നിന്റെ കൈ എന്റെ തുടയിൽ കീഴിൽ വെക്കുക; ചുറ്റും പാർക്കുന്ന കനാന്യരുടെ കന്യകമാരിൽനിന്നു നീ എന്റെ മകനു ഭാര്യയെ എടുക്കാതെ, എന്റെ ദേശത്തും ചാർച്ചക്കാരുടെ അടുക്കലും ചെന്നു എന്റെ മകനായ യിസ്ഹാക്കിന്നു ഭാര്യയെ എടുക്കുമെന്നു സ്വർഗത്തിന്നും ഭൂമിക്കും ദൈവമായ യഹോവയുടെ നാമത്തിൽ ഞാൻ നിന്നെക്കൊണ്ടു സത്യം ചെയ്യിക്കും.

ദാസൻ അവനോടു: പക്ഷേ സ്ത്രീക്കു എന്നോടുകൂടെ ഈ ദേശത്തേക്കു വരുവാൻ മനസില്ലെങ്കിലോ? നീ വിട്ടുപോന്ന ദേശത്തേക്കു ഞാൻ നിന്റെ മകനെ മടക്കിക്കൊണ്ടുപോകേണമോ എന്ന് ചോദിച്ചു. അബ്രാഹാം അവനോടു പറഞ്ഞതു: എന്റെ മകനെ അവിടേക്കു മടക്കിക്കൊണ്ടു പോകാതിരിക്കാൻ സൂക്ഷിച്ചുകൊൾക. എന്റെ പിതൃഭവനത്തിൽനിന്നും ജന്മദേശത്തുനിന്നും എന്നെ കൊണ്ടുവന്നവനും എന്നോടു അരുളിച്ചെയ്തവനും നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്നു എന്നോടു സത്യം ചെയ്തവനുമായി സ്വർഗ്ഗത്തിന്റെ ദൈവമായ യഹോവ എന്റെ മകനു നീ ഒരു ഭാര്യയെ അവിടെനിന്നു കൊണ്ടുവരുവാൻ തക്കവണ്ണം നിനക്കു മുമ്പായി തന്റെ ദൂതനെ അയയ്ക്കും. എന്നാൽ സ്ത്രീക്കു നിന്നോടുകൂടെ വരുവാൻ മനസില്ലെങ്കിൽ നീ ഈ സത്യത്തിൽനിന്നു ഒഴിഞ്ഞിരിക്കും; എന്റെ മകനെ അവിടേക്കു മടക്കിക്കൊണ്ടുപോക മാത്രം അരുത്. അപ്പോൾ ദാസൻ തന്റെ യജമാനനായ അബ്രാഹാമിന്റെ തുടയിൻ കീഴിൽ കൈവെച്ചു അങ്ങനെ അവനോടു സത്യം ചെയ്തു.

അനന്തരം ആ ദാസൻ തന്റെ യജമാനന്റെ ഒട്ടകങ്ങളിൽ പത്തു ഒട്ടകങ്ങളെയും യജമാനനുള്ള വിവിധമായ വിശേഷവസ്തുക്കളെയും കൊണ്ടു പുറപ്പെട്ടു മെസൊപ്പൊത്താമ്യയിൽ നാഹോരിന്റെ പട്ടണത്തിൽ ചെന്നു. വൈകുന്നേരം സ്ത്രീകൾ വെള്ളം കോരുവാൻ വരുന്ന സമയത്തു അവൻ ഒട്ടകങ്ങളെ പട്ടണത്തിന്നു പുറത്തു ഒരു കിണറ്റിന്നരികെ നിറുത്തി പറഞ്ഞതെന്തെന്നാൽ: എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവേ, എന്റെ യജമാനനായ അബ്രാഹാമിനോടു കൃപചെയ്തു ഇന്നുതന്നെ കാര്യം സാധിപ്പിച്ചുതരേണമേ. ഇതാ, ഞാൻ കിണറ്റിന്നരികെ നിൽക്കുന്നു; ഈ പട്ടണക്കാരുടെ കന്യകമാർ വെള്ളം കോരുവാൻ വരുന്നു. നിന്റെ പാത്രം ഇറക്കി എനിക്കു കുടിപ്പാൻ തരേണം എന്നു ഞാൻ പറയുമ്പോൾ: കുടിക്ക; നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കാമെന്നു പറയുന്ന സ്ത്രീ തന്നേ നീ നിന്റെ

ദാസനായ യിസ്ഹാക്കിനു നിയമിച്ചവളായിരിക്കട്ടെ; നീ എന്റെ യജമാനനോടു കൃപ ചെയ്തു എന്നു ഞാൻ അതിനാൽ ഗ്രഹിക്കും.

**കിണറ്റിന്നരികെ റിബെക്ക.**

അവൻ പറഞ്ഞു തീരുംമുമ്പെ അബ്രാഹാമിന്റെ സഹോദരനായ നാഹോരിന്റെ ഭാര്യ മിൽക്കയുടെ മകൻ ബെഥൂവേലിന്റെ മകൾ റിബെക്കാ തോളിൽ പാത്രവുമായി വന്നു. ബാല അതിസുന്ദരിയും പുരുഷൻ തൊടാത്ത കന്യകയും ആയിരുന്നു; അവൾ കിണറ്റിൽ ഇറങ്ങി പാത്രം നിറച്ചു കയറിവന്നു. ദാസൻ വേഗത്തിൽ അവളെ എതിരേറ്റു ചെന്നു: നിന്റെ പാത്രത്തിലെ വെള്ളം കുറെ എനിക്കു കുടിപ്പാൻ തരേണം എന്ന് പറഞ്ഞു.

യജമാനനേ, കുടിക്ക എന്നു അവൾ പറഞ്ഞു വേഗം പാത്രം കയ്യിൽ ഇറക്കി അവന്നു കുടിപ്പാൻ കൊടുത്തു. അവന്നു കുടിപ്പാൻ കൊടുത്ത ശേഷം: നിന്റെ ഒട്ടകങ്ങൾക്കും വേണ്ടുവോളം ഞാൻ കോരിക്കൊടുക്കാം എന്ന് പറഞ്ഞു, പാത്രത്തിലെ വെള്ളം വേഗം തൊട്ടിയിൽ ഒഴിച്ചു, പിന്നെയും കോരിക്കൊണ്ടുവരുവാൻ കിണറ്റിലേക്കു ഓടി ഇറങ്ങി അവന്റെ ഒട്ടകങ്ങൾക്കും എല്ലാം കോരിക്കൊടുത്തു. ആ പുരുഷൻ അവളെ ഉറ്റുനോക്കി, യഹോവ തന്റെ യാത്രയെ സഫലമാക്കിയോ ഇല്ലയോ എന്നു അറിയേണ്ടതിന്നു മിണ്ടാതിരുന്നു.

ഒട്ടകങ്ങൾ കുടിച്ചു തീർന്നപ്പോൾ അവൻ അര ശേക്കെൽ തൂക്കമുള്ള ഒരു പൊൻമൂക്കുത്തിയും അവളുടെ കൈക്കിടുവാൻ പത്തു ശേക്കെൽ തൂക്കമുള്ള രണ്ടു പൊൻവളയും എടുത്തു അവളോടു: നീ ആരുടെ മകൾ? പറക; നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്കു രാപാർപ്പാൻ സ്ഥലമുണ്ടോ എന്നു ചോദിച്ചു.

അവൾ അവനോടു: നാഹോരിന്നു മിൽക്കാ പ്രസവിച്ച മകനായ ബെഥൂവേലിന്റെ മകളാകുന്നു ഞാൻ എന്നു പറഞ്ഞു. ഞങ്ങളുടെ അവിടെ വൈക്കോലും തീനും വേണ്ടുവോളം ഉണ്ടു; രാപാർപ്പാൻ സ്ഥലവും ഉണ്ടു എന്നും അവൾ പറഞ്ഞു. അപ്പോൾ ആ പുരുഷൻ കുനിഞ്ഞു യഹോവയെ നമസ്കരിച്ചു.

എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ എന്റെ യജമാനനോടുള്ള ദയയും വിശ്വസ്തതയും ഉപേക്ഷിച്ചിട്ടില്ല. ഈ യാത്രയിൽ യഹോവ എന്നെ എന്റെ യജമാനന്റെ സഹോദരന്മാരുടെ വീട്ടിലേക്കു നടത്തിക്കൊണ്ടു വന്നുവല്ലോ എന്നു പറഞ്ഞു. ബാല ഓടിച്ചെന്നു അമ്മയുടെ വീട്ടുകാരെ ഈ വസ്തുത അറിയിച്ചു. റിബെക്കയ്ക്കു ഒരു സഹോദരൻ ഉണ്ടായിരുന്നു; അവന്നു ലാബാൻ എന്ന് പേർ. ലാബാൻ പുറത്തു കിണറ്റിങ്കൽ ആ പുരുഷന്റെ അടുക്കൽ ഓടിച്ചെന്നു. അവൻ മൂക്കുത്തിയും സഹോദരിയുടെ കൈമേൽ വളയും കാണുകയും ആ പുരുഷൻ ഇന്നപ്രകാരം എന്നോടു പറഞ്ഞു എന്നു തന്റെ സഹോദരിയായ റിബേക്കയുടെ വാക്കു കേൾക്കയും ചെയ്തപ്പോൾ ആ പുരുഷന്റെ അടുക്കൽ ചെന്നു; അവൻ കിണറ്റിങ്കൽ ഒട്ടകങ്ങളുടെ അരികെ നിൽക്കയായിരുന്നു. അപ്പോൾ അവൻ: യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ, അകത്തു വരിക; എന്തിന്നു പുറത്തു നിൽക്കുന്നു? വീടും ഒട്ടകങ്ങൾക്കു സ്ഥലവും ഞാൻ ഒരുക്കിയിരിക്കുന്നു എന്നു പറഞ്ഞു.

അങ്ങനെ ആ പുരുഷൻ വീട്ടിൽ ചെന്നു. അവൻ ഒട്ടകങ്ങളെ കോപ്പഴിച്ചു ഒട്ടകങ്ങൾക്കു വൈക്കോലും തീനും അവനും കൂടെയുള്ളവർക്കും കാലുകളെ കഴുകുവാൻ വെള്ളവും കൊടുത്തു, അവന്റെ മുമ്പിൽ ഭക്ഷണവും വെച്ചു. ഞാൻ വന്ന കാര്യം അറിയിക്കും മുമ്പെ ഭക്ഷണം കഴിക്കയില്ല എന്നു അവൻ പറഞ്ഞു. പറക എന്നു അവനും പറഞ്ഞു.

അപ്പോൾ അവൻ പറഞ്ഞതു: ഞാൻ അബ്രാഹാമിന്റെ ദാസൻ. യഹോവ എന്റെ യജമാനനെ ഏറ്റവും അനുഗ്രഹിച്ചു അവൻ മഹാനായിത്തീർന്നു; അവൻ അവനു ആടു, മാടു, പൊന്നു, വെള്ളി, ദാസീദാസന്മാർ, ഒട്ടകങ്ങൾ, കഴുതകൾ എന്നീവകയൊക്കെയും കൊടുത്തിരിക്കുന്നു. എന്റെ യജമാനന്റെ ഭാര്യയായ സാറാ വൃദ്ധയായശേഷം എന്റെ യജമാനന്നു ഒരു മകനെ പ്രസവിച്ചു; അവൻ തനിക്കുള്ളതൊക്കെയും അവനു കൊടുത്തിരിക്കുന്നു. ഞാൻ പാർക്കുന്ന കനാൻ ദേശത്തിലെ കനാന്യ കന്യകമാരിൽ നിന്നു നീ എന്റെ മകന്നു ഭാര്യയെ എടുക്കാതെ, എന്റെ പിതൃഭവനത്തിലും വംശക്കാരുടെ അടുക്കലും ചെന്നു എന്റെ മകന്നു ഭാര്യയെ എടുക്കേണമെന്നു പറഞ്ഞു യജമാനൻ എന്നെക്കൊണ്ടു സത്യം ചെയ്യിച്ചു. ഞാൻ യജമാനനോടു: പക്ഷേ സ്ത്രീ എന്നോടുകൂടെ പോരുന്നില്ലെങ്കിലോ എന്നു പറഞ്ഞതിന്നു അവൻ എന്നോടു:

**അവൾ അവളുടെ തോളിൽ നിന്ന് പാത്രം ഇറക്കി**

ഞാൻ സേവിച്ചുപോരുന്ന യഹോവ തന്റെ ദൂതനെ നിന്നോടുകൂടെ അയച്ചു, നീ എന്റെ വംശത്തിൽനിന്നും പിതൃഭവനത്തിൽനിന്നും എന്റെ മകനു ഭാര്യയെ എടുക്കാൻ തക്കവണ്ണം നിന്റെ യാത്രയെ സഫലമാക്കും; എന്റെ വംശക്കാരുടെ അടുക്കൽ ചെന്നാൽ നീ ഈ സത്യത്തിൽനിന്നു ഒഴിഞ്ഞിരിക്കും; അവർ നിനക്കു തരുന്നില്ല എന്നു വരികിലും നീ ഈ സത്യത്തിൽ നിന്നു ഒഴിഞ്ഞിരിക്കും എന്നു പറഞ്ഞു. ഞാൻ ഇന്നു കിണറ്റിന്നരികെ വന്നപ്പോൾ പറഞ്ഞതു: എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവേ, ഞാൻ വന്നിരിക്കുന്ന ഈ യാത്രയെ നീ സഫലമാക്കി എങ്കിൽ- ഇതാ, ഞാൻ കിണറ്റിന്നരികെ നിൽക്കുന്നു; വെള്ളം കോരുവാൻ ഒരു കന്യക വരികയും ഞാൻ അവളോടു: നിന്റെ പാത്രത്തിലെ വെള്ളം കുറെ എനിക്കു കുടിപ്പാൻ തരിക എന്നു പറയുമ്പോൾ, അവൾ എന്നോടു: കുടിക്ക, ഞാൻ നിന്റെ

ഒട്ടകങ്ങൾക്കും കോരി കൊടുക്കാമെന്നു പറകയും ചെയ്താൽ അവൾ തന്നേ യഹോവ എന്റെ യജമാനന്റെ മകന്നു നിയമിച്ച സ്ത്രീയായിരിക്കട്ടെ.

ഞാൻ ഇങ്ങനെ ഹൃദയത്തിൽ പറഞ്ഞു തീരുമ്മുമ്പെ ഇതാ, റിബെക്കാ തോളിൽ പാത്രവുമായി വന്നു കിണറ്റിൽ ഇറങ്ങി വെള്ളം കോരി; ഞാൻ അവളോടു: എനിക്കു കുടിപ്പാൻ തരേണം എന്നു പറഞ്ഞു. അവൾ വേഗം തോളിൽനിന്നു പാത്രം ഇറക്കി: കുടിക്ക, ഞാൻ നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കാം എന്നു പറഞ്ഞു. അങ്ങനെ ഞാൻ കുടിച്ചു; അവൾ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുത്തു. ഞാൻ അവളോടു: നീ ആരുടെ മകൾ എന്നു ചോദിച്ചതിന്നു അവൾ: മിൽക്കാ നാഹോരിന്നു പ്രസവിച്ച മകനായ ബെഥൂവേലിന്റെ മകൾ എന്നു പറഞ്ഞു. ഞാൻ അവളുടെ മൂക്കിന്നു മൂക്കുത്തിയും കൈകൾക്കു വളയും ഇട്ടു. ഞാൻ കുനിഞ്ഞു യഹോവയെ നമസ്കരിച്ചു, എന്റെ യജമാനന്റെ സഹോദരന്റെ മകളെ അവന്റെ മകനായിട്ടു എടുക്കാൻ എന്നെ നേർവഴിക്കു കൊണ്ടുവന്നവനായി എന്റെ യജമാനൻ അബ്രാഹാമിന്റെ ദൈവമായ യഹോവയെ വാഴ്ത്തുകയും ചെയ്തു. ആകയാൽ നിങ്ങൾ എന്റെ യജമാനനോടു ദയയും വിശ്വസ്തതയും കാണിക്കുമെങ്കിൽ എന്നോടു പറവിൻ; എന്നാൽ ഞാൻ ഇടത്തോട്ടോ വലത്തോട്ടോ തിരിഞ്ഞുകൊള്ളാം.

അപ്പോൾ ലാബാനും ബെഥൂവേലും: ഈ കാര്യം യഹോവയാൽ വരുന്നു; നിന്നോടു ഗുണമെങ്കിലും ദോഷമെങ്കിലും പറവാൻ ഞങ്ങൾക്കു കഴികയില്ല. ഇതാ, റിബെക്കാ നിന്റെ മുൻപാകെ ഉണ്ടല്ലോ; അവളെ കൂട്ടിക്കൊണ്ടുപോക; യഹോവ കല്പിച്ചതു പോലെ അവൾ നിന്റെ യജമാനന്റെ മകന്നു ഭാര്യയാകട്ടെ എന്നു ഉത്തരം പറഞ്ഞു.

**പൊന്നാഭരണങ്ങളും വെള്ളിയാഭരണങ്ങളും**

അബ്രാഹാമിന്റെ ദാസൻ അവരുടെ വാക്കു കേട്ടപ്പോൾ യഹോവയെ സാഷ്ടാംഗം നമസ്കരിച്ചു. പിന്നെ ദാസൻ വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും എടുത്തു റിബെക്കെക്കു കൊടുത്തു; അവളുടെ സഹോദരന്നും അമ്മെക്കും വിശേഷവസ്തുക്കൾ കൊടുത്തു. അവനും അവന്റെ കൂടെയുള്ളവരും ഭക്ഷിച്ചു പാനം ചെയ്തു രാപാർത്തു. രാവിലെ അവർ എഴുന്നേറ്റശേഷം അവൻ: എന്റെ യജമാനന്റെ അടുക്കൽ എന്നെ അയയ്ക്കേണമെന്നു പറഞ്ഞു.

അതിന്നു അവളുടെ സഹോദരനും അമ്മയും: ബാല ഒരു പത്തുദിവസമെങ്കിലും ഞങ്ങളോടുകൂടെ പാർത്തിട്ടു പിന്നെ പോരട്ടെ എന്നു പറഞ്ഞു. അവൻ അവരോടു: എന്നെ താമസിപ്പിക്കരുതേ; യഹോവ എന്റെ യാത്ര സഫലമാക്കിയിരിക്കുന്നുവല്ലോ; യജമാനന്റെ അടുക്കൽ പോകുവാൻ എന്നെ പറഞ്ഞയക്കേണം എന്നു പറഞ്ഞു. ഞങ്ങൾ ബാലയെ വിളിച്ചു അവളോടു ചോദിക്കട്ടെ എന്നു അവർ പറഞ്ഞു. അവർ റിബെക്കയെ വിളിച്ചു അവളോടു: നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ എന്നു ചോദിച്ചു. ഞാൻ പോകുന്നു എന്നു അവൾ പറഞ്ഞു.

അങ്ങനെ അവർ തങ്ങളുടെ സഹോദരിയായ റിബെക്കയെയും അവളുടെ ധാത്രിയെയും അബ്രാഹാമിന്റെ ദാസനെയും അവന്റെ ആളുകളെയും പറഞ്ഞയച്ചു. അവർ റിബെക്കയെ അനുഗ്രഹിച്ചു അവളോടു: സഹോദരീ, നീ അനേകായിരമായി തീരുക; നിന്റെ സന്തതി, തന്നെ ദ്വേഷിക്കുന്നവരുടെ പടിവാതിൽ കൈവശമാക്കട്ടെ എന്നു പറഞ്ഞു.

പിന്നെ റിബെക്കയും അവളുടെ ദാസിമാരും എഴുന്നേറ്റു ഒട്ടകപ്പുറത്തു കയറി ആ പുരുഷനോടുകൂടെ പോയി; അങ്ങനെ ദാസൻ റിബെക്കയെ കൂട്ടിക്കൊണ്ടുപോയി.

എന്നാൽ യിസ്ഹാക്ക് ബേർലഹയിരോയീവരെ വന്നു; അവൻ തെക്കേദേശത്തു പാർക്കയായിരുന്നു. വൈകുന്നേരത്തു യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു പോയിരുന്നു; അവൻ തലപൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നതു കണ്ടു.

റിബെക്കയും തലപൊക്കി യിസ്ഹാക്കിനെ കണ്ടിട്ടു ഒട്ടകപ്പുറത്തുനിന്നു ഇറങ്ങി. അവൾ ദാസനോടു: വെളിമ്പ്രദേശത്തു നമ്മെ എതിരേറ്റുവരുന്ന പുരുഷൻ ആരെന്നു ചോദിച്ചതിന്നു എന്റെ യജമാനൻ തന്നെ എന്നു ദാസൻ പറഞ്ഞു. അപ്പോൾ അവൾ ഒരു മൂടുപടം എടുത്തു തന്നെ മൂടി.


താൻ ചെയ്ത കാര്യം ഒക്കെയും ദാസൻ യിസ്ഹാക്കിനോടു വിവരിച്ചു പറഞ്ഞു. യിസ്ഹാക്ക് അവളെ തന്റെ അമ്മയായ സാറയുടെ കൂടാരത്തിൽ കൊണ്ടുപോയി. അവൻ റിബെക്കയെ പരിഗ്രഹിച്ചു അവൾ അവന്നു ഭാര്യയായിത്തീർന്നു; അവന്നു അവളിൽ സ്നേഹമായി. ഇങ്ങനെ യിസ്ഹാക്കിന്നു തന്റെ അമ്മയുടെ മരണദുഃഖം തീർന്നു. അബ്രാഹാം വേറൊരു ഭാര്യയെ പരിഗ്രഹിച്ചു; അവൾക്കു കെതൂറാ എന്നു പേർ. അവൾ അവന്നു മക്കളെ പ്രസവിച്ചു.

എന്നാൽ അബ്രാഹാം തനിക്കുള്ളതൊക്കെയും യിസ്ഹാക്കിന്നു കൊടുത്തു. അബ്രാഹാമിന്റെ ആയുഷ്കാലം നൂറ്റെഴുപത്തഞ്ചു സംവത്സരം ആയിരുന്നു. അബ്രാഹാം വയോധികനും കാലസമ്പൂർണ്ണനുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെ വിട്ടു മരിച്ചു, തന്റെ ജനത്തോടു ചേർന്നു.

അവന്റെ പുത്രന്മാരായ യിസ്ഹാക്കും യിശ്മായേലും കൂടി മമ്രേക്കരികെ സോഹരിന്റെ മകനായ എഫ്രോനെന്ന ഹിത്യന്റെ നിലത്തു മക്ക്പേലാഗുഹയിൽ അവനെ അടക്കം ചെയ്തു. അബ്രാഹാം ഹിത്യരോടു വിലെക്കുവാങ്ങിയ നിലത്തു തന്നേ; അവിടെ അബ്രാഹാമിനെയും അവന്റെ ഭാര്യയായ സാറയെയും അടക്കം ചെയ്തു. അബ്രാഹാം മരിച്ചശേഷം ദൈവം അവന്റെ മകനായ യിസ്ഹാക്കിനെ അനുഗ്രഹിച്ചു; യിസ്ഹാക്ക് ബേർലഹയിരോയീക്കരികെ പാർത്തു.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.




നാം ഈ വർഷാന്ത്യത്തിൽ എത്തിയിരിക്കുമ്പോൾ നമ്മുടെ നല്ല കർത്താവ് നിങ്ങളെ തികഞ്ഞ സമാധാനത്തിൽ സൂക്ഷിക്കുമാറാകട്ടെ. പിന്നെ അവിടുത്തെ നന്മയിലും അവിടുന്ന് എത്രത്തോളം നിങ്ങളെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്തു എന്നതും വിചിന്തനം ചെയ്ത് അവനിലുള്ള ആശ്രയത്തെ തുടർന്നും നിങ്ങൾ വയ്ക്കുമ്പോഴും നിങ്ങൾക്ക് ഒരു അനുഗ്രഹിക്കപ്പെട്ട അവധിക്കാലവും ഒരു സന്തോഷപൂർണ്ണവും ആരോഗ്യപൂർണ്ണമായതുമായ ഒരു പുതുവത്സരവും നേരുന്നു.

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**